# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 67 Issue No. 6 June 2024 Rs. 15/-


MAJOR ARCHEPARCHY OF ERNAKULAM-ANGAMALY







നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന

മാർ ആന്റണി കരിയിൽ പിതാവിന്

എറണാകുളം – അങ്കമാലി അതിരൂപതയുടെ

പ്രാർത്ഥനാശംസകൾ!!!

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 67 Issue No. 6 June 2024 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. സർക്കുലർ 3/2024
- വിശ്വാസപരിശീലന വർഷാരംഭം

8. പരിശുദ്ധ പിതാവിന്റെ കത്ത്
- ഇടവക വൈദികർക്ക് വേണ്ടി

14. പരിശുദ്ധ പിതാവിന്റെ പ്രസംഗം
- മേജർ ആർച്ചുബിഷപ്പിന്റെ റോം സന്ദർശം

20. *SPES NON CONFUNDIT*
- 2025 ലെ ജൂബിലി പേപ്പൽ ബൂള

39. കച്ചേരിക്കാര്യം

41. വാർത്തകളും വിശേഷങ്ങളും

43. നിര്യാതരായി

44. AICO

45. വിശ്വാസപരിശീലന കേന്ദ്രം

47. ഫാമിലി അപ്പോസ്തലേറ്റ്

49. നൈപുണ്യ ഇന്റർനാഷണൽ

51. ഫാമിലി യൂണിറ്റ്സ് & പാരിഷ് റിന്യൂവൽ

53. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

56. കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി

57. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Thekkumthala Kochouseph, Koratty | 1879 | 1905 | 1-6-1942 |
| Msgr. Manikanamparambil George, Udayamperoor | 1924 | 1950 | 2-6-1994 |
| Fr. Vadakumchery Mathew, Manjapra | 1947 | 1973 | 4-6-1991 |
| Fr. Parakkal Cheriyan, Narakkal | 1905 | 1935 | 5-6-1989 |
| Fr. Vilangattil Joseph, Thripunithura | 1912 | 1943 | 5-6-1995 |
| Fr. Mullakery Kuruvila, Vaikom | 1899 | 1927 | 6-6-1987 |
| Fr. Vadakkumpadan Joseph, Koratty | 1928 | 1955 | 6-6-2016 |
| Fr. Puthenkudy Joseph, Aimury | 1935 | 1966 | 6-6-2023 |
| Fr. Perepadan Varghese, Meloor | 1886 | 1910 | 10-6-1970 |
| Fr. Kanat Jacob TOCD, Konthuruthy | 1826 | 1850 | 10-6-1885 |
| Fr. Puthenangady Cyriac, Vaikom | 1924 | 1951 | 11-6-1983 |
| Mar Sebastian Mankuzhikary, Thannirmukom | 1929 | 1955 | 11-6-1994 |
| Fr. Manavalan Kuriakose, Elavoor | 1941 | 1967 | 16-6-1973 |
| Fr. Sankoorikal Sebastian, Narakkal | 1935 | 1961 | 16-6-2021 |
| Fr. Chiramel Jose, Manjapra | 1952 | 1980 | 18-6-2019 |
| Fr. Palatty Gheevarghese, Karukutty | 1886 | 1915 | 19-6-1944 |
| Fr. Aeranat Jacob, Paloothara | 1929 | 1955 | 21-6-2013 |
| Fr. Palayoor Thomas, Chendamangalam | 1958 | 1986 | 21-6-2014 |
| Fr. Padayattil Augustine, Angamaly | 1936 | 1964 | 21-6-2017 |
| Fr. Payyappilly George, Akaparambu | 1936 | 1961 | 21-6-2023 |
| Fr. Kallarackal George, Parur South | 1928 | 1958 | 22-6-2011 |
| Fr. Chiramel Paul, Kadukutty | 1917 | 1949 | 24-6-1984 |
| Fr. Arackal Isaac, Vallakom | 1900 | 1933 | 25-6-1971 |
| Fr. Maniamkot John (Jr.), Chethikode | 1900 | 1930 | 26-6-1988 |

സർക്കുലർ: 03/2024

# വിശ്വാസപരിശീലന വർഷം 2024-2025

## 'പ്രാർത്ഥനയിൽ വളരാം'

ഈശോയിൽ പ്രിയപ്പെട്ട അച്ചന്മാരേ, സന്യസ്തരേ, മാതാപിതാക്കളേ, യുവജനങ്ങളേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ, വിശിഷ്യാ ആദരണീയരായ വിശ്വാസപരിശീലകരേ,

2024-25 വിശ്വാസപരിശീലനവർഷം ആരംഭിക്കുകയാണല്ലൊ. ഓരോ ഇടവകയും തീക്ഷ്ണതയോടും അത്യുത്സാഹത്തോടുംകൂടെ വിശ്വാസപരിശീലനം ആരംഭിക്കുന്നതിനായി ഒരുക്കങ്ങൾ നടത്തിയിരിക്കുന്നതായി അറിയുന്നതിൽ സന്തോഷമുണ്ട്. പോയവർഷത്തിൽ 'നന്മയിൽ വളരാം' എന്ന ആപ്തവാക്യം ചിന്തിക്കാനും പഠിക്കാനും നമുക്ക് കഴിഞ്ഞു. ഈ വർഷം 'പ്രാർത്ഥനയിൽ വളരാം' എന്ന ലളിതവും എന്നാൽ, ദീപ്തവുമായ ആപ്തവാക്യമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രാർത്ഥനയിൽ വളരാനുള്ള ബോധവത്ക്കരണവും പരിശീലനവും വിവിധ പ്രോഗ്രാമുകളിലൂടെ പല തലങ്ങളിലും നടത്താൻ ഈ വർഷം ശ്രദ്ധിക്കണം.

പ്രാർത്ഥന നമ്മുടെ ജീവാംശംതന്നെയാണ്. 2024 പ്രാർത്ഥനാ വർഷമായി പ്രഖ്യാപിച്ച വേളയിൽ ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞത് "Prayer is the breath of faith" - വിശ്വാസത്തിന്റെ ജിവശ്വാസമാണ് പ്രാർത്ഥന - എന്നാണ്. പ്രാർത്ഥനയില്ലെങ്കിൽ വിശ്വാസം മരിക്കും എന്നർത്ഥം. നമ്മുടെ യുവതലമുറയുടെ വിശ്വാസജീവിതത്തെ തകർക്കുന്ന ജീവിതസാഹചര്യങ്ങളും വിനോദോപാധികളും ഇന്ന് നമുക്ക് ചുറ്റുമുണ്ടെന്ന കാര്യം നാം മറക്കരുത്. ഈ പ്രതിസന്ധിഘട്ടത്തിലും നമ്മുടെ കുട്ടികളുടെ വിശ്വാസം ശോഷിക്കാതെ അവരെ പ്രാർത്ഥനയിൽ വളർത്താനുള്ള വലിയ ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്.

പ്രിയമുള്ള മാതാപിതാക്കളേ, നമ്മുടെ കുഞ്ഞുമക്കളിലുള്ള പ്രാർത്ഥനാമനോഭാവത്തെ പ്രോത്സാഹിപ്പിക്കുക. മാതാപിതാക്കൾ തന്നെയാകട്ടെ കുടുംബത്തിലെ പ്രാർത്ഥനയുടെ മാതൃക. നിങ്ങളിലെ പ്രാർത്ഥനയുടെ ഫലങ്ങൾ ആസ്വദിച്ച് കൂടുതൽ നന്മകൾ പുറപ്പെടുവിക്കാൻ നിങ്ങളുടെ മക്കൾക്കും കഴിയട്ടെ. ഈ വർഷം ഓരോ ഞായറാഴ്ചയും കുട്ടികൾ

പഠിക്കേണ്ട ദൈവവചനം നൽകിയിട്ടുണ്ട്. നമ്മിലെ പ്രാർത്ഥനാമനോഭാവത്തെ പ്രോജ്ജ്വലിപ്പിക്കുന്ന ഈ വചനം കുടുംബത്തിലെ എല്ലാവരും ഉരുവിടാനും പഠിക്കാനും ശ്രമിക്കുന്നത് അഭികാമ്യമാണ്.

പ്രിയമുള്ള മാതാപിതാക്കളേ, ദൈവം നിങ്ങൾക്കു നൽകിയ മക്കളെ ദൈവമക്കളാക്കി വളർത്തിക്കൊള്ളാം എന്ന പ്രതിജ്ഞാബദ്ധതയ്ക്ക് നിങ്ങളോടുള്ള കടപ്പാടും ആദരവും അർപ്പിക്കുന്നു. അതിരൂപതയിലെ ബഹുഭൂരിഭാഗം മാതാപിതാക്കളും വർദ്ധിച്ച തീക്ഷ്ണതയോടെയാണ് കുട്ടികളെ വിശ്വാസപരിശീലനത്തിനായി പള്ളിയിലേക്ക് അയക്കുന്നത്. അതിനൊരുദാഹരണമാണ് നമ്മുടെ അതിരൂപതയിൽ ഒന്നാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ മുടങ്ങാതെ കാറ്റിക്കിസം ക്ലാസ്സുകളിൽ പങ്കെടുത്ത 14 കുട്ടികൾ ഉണ്ടെന്നുള്ളത്. അവർ വരുംതലമുറയ്ക്ക് മാതൃകാ നക്ഷത്രങ്ങളാണ്. അതുപോലെതന്നെ, പരീക്ഷകളിൽ A+ Grade ഉം 90 ശതമാനത്തിലധികം ഹാജറും നേടിക്കൊണ്ട് അതിരൂപതാതല സ്കോളർഷിപ്പ് നേടിയ 562 കുട്ടികളും ഉണ്ട്. അവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ അതിരൂപത പങ്കാളിത്തകാറ്റിക്കിസത്തിനാണ് പ്രാധാന്യം നൽകുന്നത്. കാറ്റിക്കിസം ക്ലാസ്സിൽ പങ്കെടുക്കുകയെന്നത് ഉയർന്ന മാർക്കുമാത്രം വാങ്ങിക്കുന്നതിനേക്കാളും പ്രധാനപ്പെട്ടതാണ്. വിശ്വാസപരിശീലനകേന്ദ്രം നിർദ്ദേശിച്ചിരിക്കുന്നതുപോലെ, 'കുടുംബത്തിലെ വിശ്വാസപരിശീലന മണിക്കൂർ' സാധിക്കുമെങ്കിൽ എല്ലാ ശനിയാഴ്ചയും രാത്രി 8.00 മണി മുതൽ 9.00 മണിവരെ പ്രയോഗത്തിലാക്കുവാൻ ശ്രമിക്കുമല്ലൊ. കുടുംബമാണ് പ്രഥമ വിശ്വാസപരിശീലനക്കളരി. മാതാപിതാക്കളാണ് പ്രഥമവിശ്വാസപരിശീലകർ. മാതാപിതാക്കളുടെ സഹായത്തോടെ കാറ്റിക്കിസം പാഠങ്ങൾ മനസ്സിലാക്കാൻ 'കുടുംബത്തിലെ വിശ്വാസപരിശീലന മണിക്കൂർ' കുട്ടികളെ സഹായിക്കും. ഇത് മാതാപിതാക്കളും മക്കളും തമ്മിലുള്ള അഭേദ്യമായ ആത്മീയബന്ധത്തിനും കുടുംബം സുകൃതസമ്പന്നമാകാനും ഇടയാകും.

ആദരണീയരായ വിശ്വാസപരിശീലകരേ, നിങ്ങളുടെ മുൻപിലിരിക്കുന്ന കുഞ്ഞുമക്കളിൽ ഈശോയെ രൂപീകരിക്കാൻ നിങ്ങൾക്കു കഴിയണം. നമ്മുടെ കുട്ടികളെ സഹായിക്കുന്ന ഈ മഹനീയ വിശ്വാസപരിശീലന ശുശ്രൂഷയിൽ പ്രാർത്ഥനയോടെ, തിരുസഭയോടുചേർന്നു പങ്കുചേരാൻ നിങ്ങൾക്കു കഴിയട്ടെ. നമ്മുടെ അതിരൂപതയിൽ 5335ഓളം വിശ്വാസപരിശീലകർ നിർവ്വഹിക്കുന്ന ത്യാഗപൂർണ്ണവും നിസ്വാർത്ഥവുമായ ശുശ്രൂഷയുടെ മാഹാത്മ്യം അവർണ്ണനീയമാണ്. നിങ്ങളുടെ ഉള്ളിൽ ജ്വലിക്കുന്ന ത്രിയേകദൈവത്തിലുള്ള വിശ്വാസം കുഞ്ഞുമക്കളിലേക്ക്

തീക്ഷ്ണതയോടെ കൈമാറാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു. ഇതോടൊപ്പം വിശ്വാസപരിശീലനത്തിൽ ഇരുപത്തിയഞ്ചും നാല്പതും അമ്പതും വർഷം ശുശ്രൂഷ പൂർത്തിയാക്കിയവരെ അഭിനന്ദിക്കുകയും അതിരൂപതയുടെ പേരിൽ അവർക്ക് നന്ദി പറയുകയും ചെയ്യുന്നു.

സുവിശേഷം കൈമാറ്റം ചെയ്യുന്ന, അടിസ്ഥാനശുശ്രൂഷയാണ് സഭയിൽ വിശ്വാസപരിശീലനം. ഈശോ ശിഷ്യന്മാരെ ഭരമേല്പിച്ച ദൗത്യമാണ് "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (മത്തായി 28:19-20). ഈ ഉത്തരവാദിത്വം ശിരസ്സാവഹിച്ചു കൊണ്ട് നമ്മുടെ മക്കളെ ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കാനുതകുന്ന രീതിയിൽ ക്രമാനുഗതമായും നൈസർഗികമായും നൽകപ്പെടുന്ന ക്രിസ്തു പഠനങ്ങളിലധിഷ്ഠിതമായ വിശ്വാസപരിശീലനശുശ്രൂഷയാണ് നാം നിർവ്വഹിച്ചുപോരുന്നത്.

മറ്റു വാക്കുകളിൽ പറഞ്ഞാൽ, വിശ്വാസജീവിതം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ജീവിതമാണ്, ആരാധനാ ജീവിതമാണ്. ക്രൈസ്തവജീവിതം ആരാധനാജീവിതമാണെന്നു പറയുമ്പോൾ ഒരാൾ മുഴുവൻ സമയവും പള്ളിയിൽ ചെലവഴിക്കണം എന്നല്ല അർത്ഥമാക്കുന്നത്, മറിച്ച്, ജീവിതം മുഴുവൻ, ദൈവത്തിനു സമർപ്പിക്കപ്പെട്ടിരിക്കുന്നു എന്നർത്ഥം. ജീവിതത്തിന്റെ എല്ലാ മേഖലകളും ദൈവവുമായി ഐക്യപ്പെട്ട ജീവിതമാക്കി മാറ്റാൻ ആരാധനാധിഷ്ഠതമായ വിശ്വാസ പരിശീലനം നമുക്കാവശ്യമാണ്. വിശ്വാസപരിശീലനം, ആരാധനക്രമപരവും കൂദാശാപരവുമായ മുഴുവൻ പ്രവർത്തനത്തോടും ബന്ധപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, കൂദാശകളിൽ പ്രത്യേകിച്ച് കുർബാനയിൽ ആണ് മനുഷ്യരുടെ രൂപാന്തരീകരണത്തിനുവേണ്ടി ഈശോമിശിഹാ പൂർണ്ണമായി പ്രവർത്തിക്കുന്നത്. സഭയുടെ ദൈവാരാധനയിലൂടെ ദൈവത്തിന്റെ രക്ഷാകരമായ പരിത്രാണ പദ്ധതിയുടെ രഹസ്യങ്ങളിൽ പങ്കാളിയാകാൻ ഒരാളെ പ്രാപ്തനാക്കുന്ന ശുശ്രൂഷയായിരിക്കണം വിശ്വാസപരിശീലനം.

കുട്ടികൾ പ്രാർത്ഥനയിൽ വളരാനും അവരിൽ പ്രാർത്ഥനാ മനോഭാവം വളർത്താനും ഇടവകസമൂഹം പ്രതിജ്ഞാബദ്ധമാകണം. ഈ ശുശ്രൂഷയും കടമയും സ്തുത്യർഹമായ വിധത്തിൽ പ്രാവർത്തികമാക്കുന്നതിൽ അക്ഷീണം പരിശ്രമിക്കുന്ന എല്ലാ സഹോദര വൈദികരെയും സമർപ്പിതരെയും വിശ്വാസപരിശീലകരെയും മാതാപിതാക്കളെയും പ്രത്യേകം അനുമോദിക്കുന്നു. ഈ വർഷം പ്രാർത്ഥനയ്ക്ക് നമ്മുടെ ജീവിതത്തിൽ കൂടുതൽ പ്രാധാന്യം നൽകാം. 'പ്രാർത്ഥനയിൽ വളരാം'

എന്ന ആപ്തവാക്യം നമ്മുടെ ജീവിത ശൈലിയാക്കാം. ദൈവവചനത്തിൽ ആഴപ്പെട്ട്, വിശുദ്ധ കൂദാശകളാൽ പരിപുഷ്ടി പ്രാപിച്ച്, പ്രാർത്ഥനാ ജീവിതത്താൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ബിഷപ് ബോസ്കോ പുത്തൂർ**

അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ, എറണാകുളം-അങ്കമാലി അതിരൂപത

**30/05/2024**

.........................................

N.B.: ഈ സർക്കുലർ 2024 ജൂൺ 2-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

No: 4020/K-5/KCBC/OL/DS 15-05-2024

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഇടവക വൈദികർക്ക് നൽകുന്ന കത്ത്

പ്രിയ സഹോദരവൈദികരേ,

'സിനഡിനുവേണ്ടി ഇടവകവൈദികർ' ('Parish Priests for the Synod') എന്ന അന്താരാഷ്ട്ര സമ്മേളനവും നിങ്ങളെല്ലാവരോടുമായുള്ള സംവാദവും കഴിഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ ലോകം മുഴുവനുമുള്ള ഇടവക വൈദികർക്കുവേണ്ടി പ്രാർഥിക്കാൻ എനിക്ക് ഒരു അവസരം ലഭിച്ചിരിക്കുന്നു. നിങ്ങളെ എല്ലാവരെയും ഈ വാക്കുകളാൽ ഞാൻ സ്നേഹപൂർവം അഭിസംബോധന ചെയ്യുന്നു.

ഇക്കാര്യം വ്യക്തവും അതേസമയം വളരെ സാധാരണവും ആണെന്ന് തോന്നുന്നെങ്കിലും, ഇത് അതിനെ ഒട്ടും അയാഥാർത്ഥ്യമാക്കുന്നില്ല: നിങ്ങളുടെ സമർപ്പണവും അജപാലനശുശ്രൂഷയും കൂടാതെ സഭയ്ക്ക് മുന്നോട്ടു പോകാനാവില്ല. അതിനാൽ സർവോപരി, എല്ലാത്തരം നിലത്തും സുവിശേഷത്തിന്റെ വിത്തുകൾ വിതച്ചുകൊണ്ട് (മർക്കോ 4:1-25) ഓരോ ദിവസവും നിങ്ങൾ ചെയ്യുന്ന ഉദാരമായ ജോലിക്ക് ഞാൻ നിങ്ങളെ അഭിനന്ദിക്കുകയും നിങ്ങൾക്ക് നന്ദിപറയുകയും ചെയ്യുന്നു.

പങ്കുവയ്ക്കലിന്റെ ഈ ദിവസങ്ങളിൽ നിങ്ങൾ അനുഭവിച്ചറിഞ്ഞതു പോലെ, നിങ്ങൾ ശുശ്രൂഷ നടത്തിവരുന്ന ഇടവകകൾ വളരെ വ്യത്യസ്തങ്ങളായ തലങ്ങളിലുള്ളവയാണ്: വലിയ നഗരങ്ങളുടെ പിന്നാമ്പുറങ്ങൾ തുടങ്ങി - ബോയ്നോസ് ഐറസിൽ എനിക്കത് വ്യക്തിപരമായി അറിയാവുന്നതാണ് - വളരെ കുറച്ചുമാത്രം ജനസാന്ദ്രതയുള്ള ഒരു പ്രോവിൻസിന്റെതന്നെ എന്നു പറയാവുന്ന വളരെ വിശാലമായ ഭൂപ്രദേശങ്ങൾവരെയുള്ളവ; പല യൂറോപ്യൻ രാജ്യങ്ങളിലെയും നഗര കേന്ദ്രങ്ങൾ തുടങ്ങി, അതായത്, വളരെ വലിയ പുരാതന ബസിലിക്കകൾ ഉള്ളവയിൽ എന്നാൽ ശോഷിക്കുന്നതും പ്രായമാകുന്നതുമായ ഇടങ്ങൾ തുടങ്ങി, വലിയ വൃക്ഷങ്ങളുടെ ശാഖകളുടെകീഴിൽ ആരാധനാചരണങ്ങൾ നടത്തേണ്ടിവരുന്ന ഇടങ്ങൾ വരെയുള്ളവ; ഈ ഇടങ്ങളിൽ പക്ഷികളുടെ പാട്ട് ചെറിയകുട്ടികളുടെ സ്വരങ്ങളുമായി കലർന്നുപോകാറുണ്ട്.

ഇടവകവൈദികർക്ക് ഇക്കാര്യം നന്നായി അറിയാം. എന്തെന്നാൽ, ദൈവജനത്തിന്റെ ജീവിതത്തിലെ സന്തോഷങ്ങളും ബുദ്ധിമുട്ടുകളും അവരുടെ വിഭവങ്ങളും അവരുടെ ആവശ്യങ്ങളും അവർക്കറിയാം. ഇക്കാരണത്താൽ, ഒരു സിനഡാത്മകസഭയ്ക്ക് അതിന്റെ ഇടവക വൈദികരെകൊണ്ട് ആവശ്യമുണ്ട്. എപ്രകാരമാണ് ഒരുമിച്ച് സഞ്ചരിക്കേണ്ടതെന്നും എങ്ങനെയാണ് സിനഡാത്മകതയുടെ പാതയിൽ മുന്നേറേണ്ടതെന്നും വൈദികരില്ലാതെ നമുക്കറിയാനാവില്ല. സിനഡാത്മകപാതയാണ് മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽനിന്ന് ദൈവം പ്രതീക്ഷിക്കുന്നത്.

ജ്ഞാനസ്നാനം സ്വീകരിച്ചവർ എല്ലാവരും സുവിശേഷം പ്രഘോഷിക്കുക എന്ന ഏക ദൗത്യത്തിൽ പങ്കാളികളായികൊണ്ട് ഇടവക സമൂഹങ്ങൾ തിരിച്ചറിയപ്പെട്ടില്ലെങ്കിൽ നമ്മൾ ഒരിക്കലും സിനഡാത്മകവും പ്രേഷിതപരവും ആയ ഒരു സഭയായി തീരുകയില്ല. ഇടവകകൾ സിനഡാത്മകവും പ്രേഷിതപരവും അല്ലെങ്കിൽ സഭ ഒരിക്കലും അപ്രകാരമായിത്തീരില്ല. മെത്രാന്മാരുടെ സാധാരണ സിനഡിന്റെ പതിനാറാമത് പൊതുസമ്മേളനത്തിന്റെ ആദ്യസെഷനിലെ സമന്വയ റിപ്പോർട്ട് (The Synthesis Report of the First Session of the XVI Ordinary General Assembly of the Synod of Bishops) ഇക്കാര്യത്തിൽ വളരെ വ്യക്തത ഉള്ളതാണ്. ഇടവകകൾ, അവയുടെ ഘടനയിൽ തുടങ്ങി ഇടവക സമൂഹത്തിന്റെ ജീവിതം മുഴുവൻ അവലോകനം ചെയ്യാൻ ക്ഷണിക്കപ്പെടുന്നു: 'പ്രഥമമായും പ്രേഷിതദൗത്യത്തിന്റെ ഭാഗമായി ചെയ്യുന്ന പ്രവൃത്തി,

പ്രത്യേകിച്ച്, കുടുംബജീവിതത്തിലും തൊഴിലിടത്തും ചെയ്യുന്നത്, അതും തങ്ങളുടെ സ്വന്തം പ്രവൃത്തികളിലും ഘടനാപരമായ ആവശ്യങ്ങളിലും മാത്രം ഊന്നിനിൽക്കാതെ ചെയ്യുന്നവ' (8.1). ജ്ഞാനസ്നാനം സ്വീകരിച്ചവർ പ്രേഷിതശിഷ്യരായി പുറപ്പെടുകയും, തങ്ങളുടെ സാക്ഷ്യം വഴിയായി കർത്താവ് ചെയ്ത അദ്ഭുതകൃത്യങ്ങൾ വിവരിക്കാനായി സന്തോഷപൂർവ്വം തിരികെവരികയും ചെയ്യുന്ന ഇടങ്ങളായി ഇടവക സമൂഹങ്ങൾ വർധിതമാംവിധം പരിണമിക്കേണ്ടിയിരിക്കുന്നു (ലൂക്കാ 10:17 കാണുക).

ഇടയന്മാർ എന്ന നിലയിൽ, നമ്മൾ ശുശ്രൂഷചെയ്യുന്ന സമൂഹങ്ങളെ ഈ പ്രക്രിയയിൽ അനുഗമനം ചെയ്യാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു; അതേസമയംതന്നെ പ്രാർഥന, വിവേചിച്ചറിയൽ, അപ്പസ്തോലിക തീക്ഷ്ണത എന്നിവകൊണ്ട് പ്രതിജ്ഞാബദ്ധരായിരിക്കാനും നമ്മുടെ ശുശ്രൂഷ സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയ്ക്ക് ചേർന്നവിധം ആയിരിക്കുന്നതിനും നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഈ വെല്ലുവിളി പാപ്പായുടെയും മെത്രാൻമാരുടെയും റോമൻ കൂരിയായുടെയും ഇടവക വൈദികർ എന്ന നിലയിൽ നിങ്ങളുടെ ഓരോരുത്തരുടെയും മുമ്പിൽ പ്രതിഷ്ഠിക്കപ്പെടുന്നു. നമ്മെ വിളിക്കുകയും നമ്മെ അഭിഷേചിക്കുകയും ചെയ്ത കർത്താവ് ഇന്ന് നാം അവിടത്തെ ആത്മാവിന്റെ സ്വരം ശ്രവിക്കാനും അവിടുന്ന് നമുക്ക് ചൂണ്ടിക്കാണിച്ചുതരുന്ന ദിശയിലേക്ക് മുന്നേറാനും ആഹ്വാനം ചെയ്യുന്നു. ഒരു കാര്യത്തെക്കുറിച്ച് നമുക്ക് നിശ്ചയമുണ്ട്: തന്റെ കൃപ നൽകാതെ അവിടുന്ന് നമ്മെ ഒരിക്കലും വിട്ടുകളയുകയില്ല. നമ്മുടെ പാതയിൽ, നമ്മുടെ ശുശ്രൂഷയിൽ, നമ്മെ ക്ഷീണിതരാക്കുന്ന കാര്യങ്ങളിൽനിന്ന് എങ്ങനെ നമുക്ക് സ്വതന്ത്രരാകാൻ ആകുമെന്ന് നാം കണ്ടെത്തും, അതോടൊപ്പംതന്നെ അതിന്റെ ഏറ്റവും ആധികാരികമായ അന്തസത്തെയും വീണ്ടും തിരിച്ചറിയും; അതായത്, ദൈവവചനത്തിന്റെ പ്രഘോഷണവും സമൂഹത്തെ അപ്പം മുറിക്കലിനായി ഒന്നിച്ചുചേർക്കുന്നതും.

ആകയാൽ, ഇടവകവൈദികർ എന്ന കർത്താവിന്റെ വിളി സ്വീകരിക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു, അതായത്, സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയെ പടുത്തുയർത്തുന്നവരും ആ ലക്ഷ്യം പ്രാപിക്കുന്നതിനായി താല്പര്യപൂർവ്വം ഇറങ്ങിത്തിരിക്കുന്നവരും ആയിരിക്കാൻ. ഈ ലക്ഷ്യപ്രാപ്തിക്കായി, ഇടയന്മാർ എന്ന നിലയിൽ നിങ്ങളുടെ ജീവിതശൈലിയെയും പ്രവർത്തനത്തെയും പ്രചോദിപ്പിക്കാനായി ഞാൻ മൂന്ന് നിർദ്ദേശങ്ങൾ നൽകട്ടെ:

1. *നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന സവിശേഷമായ ശുശ്രൂഷാസിദ്ധി* (ministerial charism) *ഊർജ്ജിതമായ രീതിയിൽ ദൈവജനത്തിന്റെ ഇടയിൽ ആത്മാവ് വിതയ്ക്കുന്ന വ്യത്യസ്തങ്ങളായ ദാനങ്ങളുടെ ശുശ്രൂഷ എന്നവിധം ചെയ്തു തീർക്കുവിൻ.* 'അല്മായരുടെ ഉന്നതവും താഴ്ന്നതുമായ വിവിധതരത്തിലുള്ള സിദ്ധികൾ വിശ്വാസത്തിന്റെ ചൈതന്യത്തിൽ കണ്ടുപിടിക്കുക (വൈദിക ശുശ്രൂഷയും ജീവിതവും സംബന്ധിച്ച രണ്ടാം കൗൺസിലിന്റെ ഡിക്രി: *Presbyterorum Ordinis*), എന്നത് അടിയന്തരമായി ചെയ്യേണ്ടതാണ്. പ്രസ്തുത സിദ്ധികൾ എല്ലാത്തരം മാനുഷിക ചുറ്റുപാടുകളെയും സാഹചര്യങ്ങളെയും സുവിശേഷവൽക്കരിക്കുന്നതിന് അനിവാര്യമായിരിക്കും. അതുവഴിയായി, മറഞ്ഞിരിക്കുന്ന ധാരാളം നിധികൾ നിങ്ങൾ വെളിച്ചത്തുകൊണ്ടുവരികയും സുവിശേഷവൽക്കരണം എന്ന ശ്രമകരമായ പ്രവർത്തനത്തിൽ നിങ്ങൾ ഏകാകികൾ അല്ലെന്ന് നിങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്യുമെന്ന് ഞാൻ നിശ്ചയമായും വിശ്വസിക്കുന്നു. അപ്പോൾ നിങ്ങൾ മറ്റുള്ളവരുടെമേൽ ആധിപത്യം പുലർത്തുന്നവരല്ല, മറിച്ച് സ്ത്രീപുരുഷന്മാരിൽ നിന്ന് മഹത്തരവും അമൂല്യവുമായ സാധ്യതകൾ പുറത്തുകൊണ്ടുവരുന്ന യഥാർഥ പിതാക്കന്മാരുടെ ആനന്ദം നിങ്ങൾ അനുഭവിക്കുകയും ചെയ്യും.

2. സാമൂഹ്യവിവേചിച്ചറിയലിന്റെ കല നിങ്ങൾ അഭ്യസിക്കണമെന്ന് (learn the art of communal discernment) ഞാൻ ഹൃദയപൂർവം ആഗ്രഹിക്കുന്നു. അതിനായി നിങ്ങൾ 'ആത്മാവിലുള്ള സംഭാഷണം ('conversation in the Spirit') എന്ന രീതി അവലംബിക്കുന്നത് നന്നായിരിക്കും; സിനഡാത്മക സഞ്ചാരത്തിലും സിനഡാത്മക സമ്മേളനത്തിന്റെ പ്രക്രിയയിൽ ത്തന്നെയും അത് വളരെ ഉപകാരപ്രദമായിരുന്നു. അതുവഴിയായി, നിങ്ങൾ അനേകം സത്ഫലങ്ങൾ നേടുമെന്ന് എനിക്ക് തീർച്ചയുണ്ട്; അത് ഇടവകസമിതികൾ (parish councils) എന്ന കൂട്ടായ്മയുടെ ഘടനകളിൽ മാത്രമായിരിക്കുകയില്ല ഒതുങ്ങുന്നത്, മറിച്ച് മറ്റെല്ലാ രംഗങ്ങളിലും അതിന്റെ പ്രതിഫലനമുണ്ടാകും. സമന്വയ റിപ്പോർട്ട് (Synthesis Report) വ്യക്തമാക്കുന്നതുപോലെ വിവേചിച്ചറിയൽ എന്നത് ഒരു സിനഡാത്മകസഭയുടെ പ്രവൃത്തിയുടെ ഒരു മുഖ്യ അംശമാണ്: 'അജപാലന സാഹചര്യങ്ങളിൽ വിവേചിച്ചറിയൽ അഭ്യസിക്കുന്നത് വളരെ പ്രധാനപ്പെട്ടതാണ്; സഭാത്മകജീവിതത്തിന്റെ മൂർത്തഭാവങ്ങൾ പ്രകാശിപ്പിക്കുന്നതിനായി അത് വ്യത്യസ്തങ്ങളായ സാഹചര്യങ്ങൾ അനുസരിച്ച്

രൂപപ്പെടുത്തിയിരിക്കുന്നു. സമൂഹത്തിൽ സന്നിഹിതമായിരിക്കുന്ന സിദ്ധികൾ നന്നായി തിരിച്ചറിയുന്നതിന് ഇത് സഹായകമാകും; അതായത്, യുക്തിപൂർവം ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും വിഭജിച്ചു കൊടുക്കുന്നതിനും ആത്മാവിന്റെ പ്രകാശത്താൽ അജപാലനപദ്ധതികൾ കരുപ്പിടിപ്പിക്കുന്നതിനും അത് കേവലം സാധാരണയുള്ള പ്രവർത്തനപദ്ധതികളുടെ നിവർത്തിയാക്കൽ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽനിന്ന് വ്യത്യസ്തമാണെന്ന് മനസ്സിലാക്കുന്നതിനുമാണ് (2.1).

3. അവസാനമായി, നിങ്ങളുടെ എല്ലാ പ്രവൃത്തികളും നിങ്ങൾ തമ്മിലും നിങ്ങളുടെ മെത്രാന്മാരുമായി പങ്കുവെയ്ക്കലിന്റെയും സാഹോദര്യത്തിന്റെയും ചൈതന്യത്തിൽ നിർവഹിക്കണമെന്നു ഞാൻ ആഹ്വാനം ചെയ്യുന്നു. 'നിനക്ക് ലഭിച്ച ദൈവദാനം ഉജ്ജ്വലിപ്പിക്കുക' (2 തിമോ 1:6) എന്ന വിഷയവുമായി സംഘടിപ്പിച്ച 'വൈദികരുടെ സ്ഥിരം രൂപവൽക്കരണത്തിനായുള്ള അന്താരാഷ്ട്ര സമ്മേളനത്തിൽ (International Conference for the Permanent Formation of Priests) നിന്നുവന്ന ശക്തമായ ഒരു സന്ദേശമാണിത്. ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ഇവിടെ റോമിൽ നടന്ന ഈ സമ്മേളനത്തിൽ 18 രാഷ്ട്രങ്ങളെ പ്രതിനിധീകരിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന എണ്ണൂറിൽപരംപേർ, അതായത്, മെത്രാന്മാർ, വൈദികർ സമർപ്പിതസ്ത്രീപുരുഷന്മാർ, അല്മായർ എന്നിവർ, പങ്കെടുക്കുകയുണ്ടായി. ആദ്യം നമ്മൾ പുത്രന്മാരും സഹോദരരും ആയെങ്കിൽ മാത്രമേ, തുടർന്ന്, നമുക്ക് യഥാർഥ പിതാക്കന്മാർ ആയിത്തീരാനാവൂ. നമ്മുടെ കരങ്ങളിൽ ഭരമേൽപ്പിക്കപ്പെട്ട സമൂഹങ്ങളിൽ കൂട്ടായ്മയും പങ്കാളിത്തവും വളർത്തണമെങ്കിൽ എല്ലാറ്റിനും ഉപരിയായി ആദ്യം ആ യാഥാർഥ്യങ്ങൾ നമ്മുടെ ഇടയിൽത്തന്നെ വളർത്തിയെടുക്കണം. നമ്മുടെ അജപാലനപരമായ ഉത്തരവാദിത്വങ്ങളുടെ സ്ഥിരമായ സമ്മർദത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യം അത്ര എളുപ്പമുള്ളതല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു; ഒരുപക്ഷേ, ഇത് സമയം പാഴാക്കുന്നതായും തോന്നിയേക്കാം; എന്നാൽ സത്യം മറിച്ചാണ്. യഥാർഥത്തിൽ ഈ രീതിയിൽ മാത്രമേ നാം വിശ്വസനീയർ ആവുകയുള്ളൂ; അപ്പോൾ നമ്മുടെ പ്രവർത്തനം മറ്റുള്ളവർ മുമ്പേതന്നെ ഒരുമിച്ചു കൂട്ടിയത് ചിതറിക്കുന്നതായി ഭവിക്കുകയില്ല.

സിനഡാത്മകവും പ്രേഷിതപരവുമായ സഭയ്ക്കു മാത്രമല്ല ഇടവക വൈദികരെക്കൊണ്ട് ആവശ്യം. 'ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി:

കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം' എന്ന വിഷയവുമായി 2021 മുതൽ 2024 വരെ മുന്നേറുന്ന സിനഡിന്റെ തുടർപ്രക്രിയയിലും നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. വരുന്ന ഒക്ടോബർ മാസത്തിൽ അതിന്റെ രണ്ടാം സെഷൻ നടക്കുന്നതിലേക്ക് നാം ഉറ്റുനോക്കി കൊണ്ടിരിക്കുകയാണ്; അതിനുവേണ്ടി ഒരുങ്ങാനായി, നിങ്ങളുടെ സ്വരം കേൾക്കേണ്ടതായുണ്ട്.

അക്കാരണത്താൽ 'സിനഡിനുവേണ്ടി ഇടവക വൈദികർ' എന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരെയും സിനഡാത്മകതയുടെ പ്രേഷിതരായിരിക്കാൻ ഞാൻ ക്ഷണിക്കുന്നു. നിങ്ങൾ പരസ്പരവും, തുടർന്ന് നിങ്ങൾ നിങ്ങളുടെ കർമരംഗങ്ങളിൽ എത്തുമ്പോൾ നിങ്ങളുടെ സഹ ഇടവകവൈദികരുമായും സിനഡാത്മകതയുടെ പ്രേഷിതരായിരിക്കുവിൻ. ഇടവകവൈദികരുടെ ശുശ്രൂഷയുടെ നവീകരണം ലക്ഷ്യംവച്ചുകൊണ്ട് സിനഡാത്മകവും പ്രേഷിതപരവുമായ ഒരു മനോഭാവത്തോടെ നിങ്ങൾ വിചിന്തനം നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ സിനഡിന്റെ ജനറൽ സെക്രട്ടറിയേറ്റിന് നിങ്ങളുടെ സവിശേഷമായ സംഭാവനകൾ സ്വീകരിച്ചുകൊണ്ട് അടുത്ത സെഷനുവേണ്ടിയുള്ള 'പ്രവർത്തനരേഖ' (*Instrumentum Laboris*) തയ്യാറാക്കാൻ ഇടവരട്ടെ. ഈ അന്താരാഷ്ട്ര സമ്മേളനത്തിന്റെ ലക്ഷ്യം ഇടവക വൈദികരെ ശ്രവിക്കുക എന്നതായിരുന്നു; എന്നാൽ അത് ഇന്ന് അവസാനിക്കാൻ പാടില്ല; ഞങ്ങൾക്ക് തുടർന്നും നിങ്ങളെ കേൾക്കണം.

പ്രിയ സഹോദരരേ, ഈ പ്രക്രിയയിൽ ഞാൻ നിങ്ങളുടെ കൂടെയുണ്ട്; ഇതിൽ ഞാൻതന്നെയും പങ്കുചേരുന്നുണ്ട്. എന്റെ ഹൃദയത്തിൽനിന്ന് ഞാൻ നിങ്ങളെ ആശീർവദിക്കുന്നു; അതോടൊപ്പം നിങ്ങളുടെ സാമീപ്യം എനിക്ക് അനുഭവപ്പെടേണ്ടതായുണ്ട്; നിങ്ങളുടെ പ്രാർഥനാസഹായവും എനിക്ക് ആവശ്യമുണ്ട്. വഴികാട്ടിയായ *(Hodegetria),* വഴിയുടെ രാജ്ഞിയായ (Our Lady of the Way), പരിശുദ്ധ കന്യകമറിയത്തിനു നമുക്ക് നമ്മെ ഭരമേൽപ്പിക്കാം. അവൾ നമുക്ക് വഴി കാണിച്ചുതരുന്നു; വഴിയും സത്യവും ജീവനുമായ യേശുവിലേക്ക് അവൾ നമ്മെ നയിക്കുന്നു.

റോം, വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയം, 2 മെയ് 2024

**ഫ്രാൻസിസ് പാപ്പാ**

**സീറോമലബാർ സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്
അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ
ആദ്യത്തെ ഔദ്യോഗിക സന്ദർശനവേളയിൽ
മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെട്ട
സീറോമലബാർ സമൂഹത്തോട്**

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ

**നടത്തിയ പ്രസംഗം**

ആദരണീയ മേജർ ആർച്ചുബിഷപ്പ്, വന്ദ്യപിതാക്കന്മാരേ, പ്രിയ സഹോദരീസഹോദരന്മാരേ,

അങ്ങയെയും അങ്ങയുടെ സഹോദര മെത്രാന്മാരെയും മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം അങ്ങു നടത്തുന്ന ആദ്യത്തെ റോമായാത്രയിൽ അങ്ങയെ അനുധാവനം ചെയ്യുന്നവരെയും സ്വാഗതംചെയ്യാൻ എനിക്ക് ഏറെ സന്തോഷമുണ്ട്. ഈ തെരഞ്ഞെടുപ്പു നടന്നതു നന്നായി. റോമിലെ സീറോമലബാർസമൂഹത്തിന്റെ പ്രതിനിധികളെയും ഞാൻ സാഹോദര്യത്തോടെ അഭിവാദ്യം ചെയ്യുന്നു.

നിങ്ങളുടെ പ്രിയ സഭയുടെ വിശ്വാസികൾ ഇന്ത്യയിൽ മാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്. ഭാരതത്തിന്റെ അപ്പോസ്തലനായ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വസാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണ് നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്. നിങ്ങളുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ, വിശ്വാസകൂട്ടായ്മയിലെ ചില അംഗങ്ങൾ, അഭിവൃദ്ധി പ്രാപിക്കുന്ന നിങ്ങളുടെ സഭയുടെ പ്രത്യേകസ്വഭാവം മനസ്സിലാക്കാതെ, നിങ്ങൾക്കെതിരെ നിർഭാഗ്യകരമായ പ്രവൃത്തികൾ ചെയ്യുന്നതുൾപ്പെടെയുള്ള നിരവധി വെല്ലുവിളികൾ നിങ്ങൾക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. എന്നിട്ടും നിങ്ങൾ പത്രോസിന്റെ പിൻഗാമിയോട് എന്നും അചഞ്ചലമായ കൂറുപുലർത്തി. അതുകൊണ്ട്, നിങ്ങളെയെല്ലാവരെയും

സ്വാഗതം ചെയ്യുന്നതിനും നിങ്ങൾ സ്വീകരിച്ചതും മുന്നോട്ടു കൊണ്ടു പോവുകയും ചെയ്യുന്ന നിങ്ങളുടെ മഹത്ത്വപൂർണ്ണമായ പാരമ്പര്യത്തിൽ നിങ്ങളെ സ്ഥിരീകരിക്കുന്നതിനും എനിക്കു വലിയ ആനന്ദം തോന്നുന്നു. നിങ്ങൾ അനുസരണയുള്ളവരാണ്; അനുസരണയുള്ളിടത്ത് സഭയുണ്ട്. അനുസരണക്കേടുള്ളിടത്ത് ശീശ്മ ഉണ്ടാവും. നിങ്ങൾ അനുസരണയുള്ളവരാണ്; അനുസരണം നിങ്ങളുടെ വലിയ ഗുണങ്ങളിൽ ഒന്നാണ്. ഇത് സഹനം ഇല്ലാതെ അല്ല എന്നെനിക്കറിയാം, എന്നാലും തുടർന്നും മുന്നോട്ടുപോവുക.

അനന്യവും അമൂല്യവുമാണ് നിങ്ങളുടെ ചരിത്രം; അതു ദൈവത്തിന്റെ എല്ലാ വിശുദ്ധ ജനതകളുടെയും ഒരു പ്രത്യേക പൈതൃകമാണ്. പൗരസ്ത്യപാരമ്പര്യങ്ങൾ സഭയുടെ ജീവിതത്തിലെ മാറ്റിനിർത്താനാവാത്ത നിധികളാണ് എന്ന് ഉറപ്പിച്ചുപറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുന്നു. കഴിഞ്ഞകാലവുമായി നമ്മെ ബന്ധിപ്പിക്കുന്ന കണ്ണികൾ മുറിച്ചുകളയുകയും എന്താണ് ഉപകാരപ്രദവും അടിയന്തരവും എന്നുമാത്രം കണക്കാക്കി തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന നമ്മുടേതുപോലെയുള്ള ഒരു കാലഘട്ടത്തിൽ അതു സവിശേഷമായി അനുസ്മരിക്കുന്നത് ഏറെ പ്രസക്തമാണ്. നിർഭാഗ്യവശാൽ മതപരമായ സമീപനങ്ങളിലും ഈ മനോഭാവം ഉണ്ട്. പൗരസ്ത്യ ക്രൈസ്തവർ നമ്മെ ആത്മീയതയുടെ പ്രാചീനവും നിത്യനൂതനമായ സ്രോതസുകളിൽനിന്നു നുകരാൻ അനുവദിക്കുന്നു; സഭയ്ക്കു ചലനാത്മകത പകരുന്ന പുത്തൻ ഉറവകളായി അതു മാറുകയാണ്. അതുകൊണ്ടു റോമിലെ മെത്രാൻ എന്ന നിലയിൽ സീറോമലബാർ കത്തോലിക്കാ സഭാംഗങ്ങളായ നിങ്ങളെ, മഹത്തായ ആരാധനാപരവും ആത്മീയവും സാംസ്കാരികവുമായ നിങ്ങളുടെ പൈതൃകം എന്നും ഏറെ തിളക്കത്തോടെ പ്രകാശിതമാകുന്നതിനുവേണ്ടി, നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയംഭരണാവകാശമുള്ള സഭയോടു ചേർന്നു നില്ക്കാൻ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. മധ്യപൂർവദേശത്തുള്ള നിങ്ങളുടെ എല്ലാ കുടിയേറ്റക്കാരുടെമേലും ഭരണാധികാരം ലഭിക്കുന്നതിനായി ചോദിക്കാൻ മേജർ ആർച്ചുബിഷപ്പിനോടു ഞാൻ പറഞ്ഞിട്ടുണ്ട്. ഈ ഭരണാവകാശത്തിനായി രേഖാമൂലം ആവശ്യപ്പെടാനാണ് ഞാൻ പറഞ്ഞത്, എന്നാൽ, ആ അധികാരം ഇന്നു നിങ്ങൾക്കു ഞാൻ നല്കുന്നു; അത് നിങ്ങൾക്ക് വിനിയോഗിച്ചു തുടങ്ങാവുന്നതാണ്. അതു രേഖാമൂലം ആക്കേണ്ടതുണ്ട്, പക്ഷേ, നിങ്ങൾക്ക് ഇന്നു

മുതൽ അതു വിനിയോഗിക്കാം. ഞാൻ നിങ്ങളെ മറികടക്കാനല്ല, സഹായിക്കുന്നതിനാണ് ആഗ്രഹിക്കുന്നത്; കാരണം നിങ്ങളുടെ സഭയുടെ സ്വയംഭരണാവകാശ സ്വഭാവമനുസരിച്ച് നിങ്ങൾ നേരിടുന്ന സാഹചര്യങ്ങളെയും വെല്ലുവിളികളെയും ശ്രദ്ധയോടെ വിലയിരുത്തുന്നതിനു മാത്രമല്ല മേജർ ആർച്ചുബിഷപ്പിന്റെയും സിനഡിന്റെയും നിർദ്ദേശത്തോടു വിശ്വസ്തതപുലർത്തിക്കൊണ്ട്, ഉത്തരവാദിത്തത്തോടും സുവിശേഷധീരതയോടുംകൂടി അവയെ നേരിടുന്നതിനുവേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും നിങ്ങൾക്ക് അധികാരമുണ്ട്. ഇതാണ് സഭ ആവശ്യപ്പെടുന്നത്; പത്രോസിനെകൂടാതെ, മേജർ ആർച്ചുബിഷപ്പിനെകൂടാതെ സഭയില്ല.

ഈ ലക്ഷ്യത്തോടെ, ഒരു കാര്യത്തിൽ മാത്രം കേന്ദ്രീകരിച്ചുകൊണ്ടു, സഭയുടെ നന്മയ്ക്ക് അപകടം വരുത്തിക്കൊണ്ടുപോലും, വിട്ടുവീഴ്ചയില്ലാതെ കടുംപിടുത്തത്തിനുള്ള പ്രലോഭനം ഉണ്ടാക്കുന്ന ആപത്തിനെക്കുറിച്ചു മുന്നറിയിപ്പുനല്കിക്കൊണ്ട് അടുത്തകാലത്തായി ഞാൻ വിശ്വാസികൾക്കു കത്തുകളും വീഡിയോസന്ദേശവും അയക്കുകയുണ്ടായി. ഈ പ്രലോഭനം മുളയെടുക്കുന്നതു തന്റേതല്ലാത്ത മറ്റൊരു ചിന്താരീതിയെയും ശ്രദ്ധിക്കാത്ത, സ്വയം മാനദണ്ഡമാക്കുന്ന ശൈലിയിൽനിന്നുമാണ്. സ്പാനിഷ് ഭാഷയിൽ സ്വയം മാനദണ്ഡമാക്കുന്ന ശൈലിയെ ഞങ്ങൾ ഇങ്ങനെ വിവരിക്കാറുണ്ട്: "ഞാൻ, എനിക്ക്, എന്റെ കൂടെ, എനിക്കുവേണ്ടി, എല്ലാം എനിക്കുവേണ്ടി ഇവിടെയാണ് പിശാച്, ഭിന്നിപ്പിക്കുന്നവൻ, യഥാർഥത്തിൽ നിലനില്ക്കുന്നവനായ അവൻ, നുഴഞ്ഞുകയറി, നമ്മുടെ കർത്താവു മരിക്കുന്നതിനുമുമ്പു പ്രകടിപ്പിച്ച, വിഭജനമോ കൂട്ടായ്മയുടെ തകർച്ചയോ ഇല്ലാതെ, അവിടുത്തെ ശിഷ്യരായ നമ്മൾ ഒന്നാകണം" (യോഹ. 17:21) എന്ന ഏറ്റവും ഹൃദയസ്പർശിയായ ആഗ്രഹത്തെ തകിടംമറിക്കുന്നത്. ഇക്കാരണത്താൽ, ഐക്യം നിലനിറുത്തുക എന്നതു കേവലം ഒരു നല്ല ഉപദേശം മാത്രമല്ല, കർത്തവ്യമാണ്; പ്രത്യേകിച്ചും അനുസരണ വാഗ്ദാനം ചെയ്തിട്ടുള്ളതും, പെരുമാറ്റത്തിൽ ഉപവിയും ശാന്തതയും വിശ്വാസികൾ പ്രതീക്ഷിക്കുന്നതുമായ വൈദികരുടെ കാര്യത്തിൽ.

ആദരണീയ മേജർ ആർച്ചുബിഷപ്പ്, കൂട്ടായ്മ പരിപാലിക്കുന്നതിനു നിശ്ചയദാർഢ്യത്തോടെ നമുക്കു പ്രവർത്തിക്കുകയും കാർക്കശ്യത്തിലേക്കും ഭിന്നിപ്പിലേക്കും നയിക്കുന്ന ലൗകികതയാൽ പ്രലോഭിക്കപ്പെടുന്ന നമ്മുടെ സഹോദരീസഹോദരന്മാർ, തങ്ങളെ സ്നേഹി

ക്കുകയും തങ്ങൾക്കായി കാത്തിരിക്കുകയും ചെയ്യുന്ന വലിയ കുടുംബത്തിന്റെ ഭാഗമാണു തങ്ങളെന്നു തിരിച്ചറിയുന്നതിനായി അക്ഷീണം പ്രാർഥിക്കുകയും ചെയ്യാം. ഒരിക്കൽ അനുതപിക്കുമ്പോൾ അവർക്കു തിരികെപ്രവേശിക്കുന്നതിനു (cf. സുവിശേഷത്തിന്റെ ആനന്ദം, 46) ഒരു തടസവും ഉണ്ടാകാതിരിക്കാൻ ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിനെപ്പോലെ നമുക്കു വാതിലുകൾ തുറന്നുതന്നെയിടാം; നമ്മുടെ ഹൃദയങ്ങളും തുറന്നിടാം; നാം അവർക്കുവേണ്ടി കാത്തിരിക്കുന്നു. ഭയം കൂടാതെ നമുക്ക് ഒരുമിച്ചുവരികയും ചർച്ച ചെയ്യുകയും ചെയ്യാം, അതു നല്ലതാണ്; എന്നാൽ എല്ലാറ്റിനുമുപരി, ഭിന്നതകളെ അനുരഞ്ജിപ്പിക്കുകയും സംഘർഷങ്ങളെ ഐക്യത്തിലേക്കു തിരികെ കൊണ്ടുവരികയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ പ്രകാശം തർക്കങ്ങൾ പരിഹരിക്കുന്നതിനായി നമുക്കു പ്രാർഥിക്കാം. ഒരു കാര്യം ഉറപ്പാണ്: അഹങ്കാരവും പരസ്പരമുള്ള കുറ്റപ്പെടുത്തലുകളും അസൂയയും കർത്താവിൽനിന്നുള്ളതല്ല; അവ ഒരിക്കലും യോജിപ്പിലേക്കും സമാധാനത്തിലേക്കും നയിക്കില്ല. നമുക്കിടയിലെ അവിടത്തെ സാന്നിധ്യത്തിന്റെ പരമോന്നത രൂപമായ, സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശയായ പരിശുദ്ധ കുർബാനയോട്, അതിന്റെ അർപ്പണത്തെക്കുറിച്ചുള്ള വിശദാംശങ്ങളെക്കുറിച്ചുള്ള തർക്കംമൂലം കാണിക്കുന്ന കടുത്ത അനാദരവ് ക്രൈസ്തവവിശ്വാസത്തിനു വിരുദ്ധമായ പ്രവൃത്തിയാണ്. നമ്മെ വഴിനയിക്കേണ്ട മാനദണ്ഡം, പരിശുദ്ധാത്മാവിൽനിന്നു വരുന്ന യഥാർഥ ആത്മീയതയുടെ മാനദണ്ഡമായ കൂട്ടായ്മയാണ്: ഇത് ഐക്യത്തിനായുള്ള നമ്മുടെ സമർപ്പണത്തെയും നമുക്കു ലഭിച്ച ദാനങ്ങളോടുള്ള വിശ്വസ്തവും വിനയാന്വിതവും ആദരപൂർവകവുമായ സമീപനത്തെയുംകുറിച്ച് ആത്മപരിശോധന നടത്താൻ നമ്മോട് ആവശ്യപ്പെടുന്നു.

ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സഹോദരീസഹോദരന്മാരേ, നമുക്കു പ്രത്യാശ കെടുത്താതെയും ക്ഷമകാണിക്കുന്നതിൽ തളർന്നുപോകാതെയും വിദ്വേഷം ഊട്ടിവളർത്തുന്ന മുൻവിധികളാൽ അടച്ചുപൂട്ടപ്പെടാതെയുമിരിക്കാം. പിന്നെയോ, കർത്താവു നമ്മെ ഏല്പ്പിച്ചിരിക്കുന്ന വിശാലമായ ഉത്തരവാദിത്തങ്ങളെക്കുറിച്ച്, അവിശ്വാസികൾക്കു ഇടർച്ചയാകാതെ, ലോകത്തിൽ അവിടത്തെ സാ

ന്നിധ്യത്തിന്റെ അടയാളമാകുന്നതിനുള്ള വിളിയെക്കുറിച്ചു ചിന്തിക്കാം. തീരുമാനങ്ങൾ എടുക്കുമ്പോൾ ഇന്ത്യയിലും പുറത്തുമുള്ള പാവങ്ങളെയും പരിത്യക്തരെയും പാർശ്വവത്ക്കരിക്കപ്പെട്ടവരെയും അസ്തിത്വ പ്രതിസന്ധി നേരിടുന്നവരെയുംകുറിച്ചു നമുക്കു ചിന്തിക്കാം. പ്രത്യാശയുടെയും സാന്ത്വനത്തിന്റെയും അടയാളങ്ങൾക്കായി കാത്തിരിക്കുന്ന വേദന അനുഭവിക്കുന്നവരെ നമുക്കു കണക്കിലെടുക്കാം. പല സ്ഥലത്തും ക്രൈസ്തവരുടെ ജീവിതം വലിയ ബുദ്ധിമുട്ടിലാണെന്ന് എനിക്കറിയാം; എന്നാൽ, ക്രൈസ്തവരായ നാം തിന്മയോടു പ്രതികരിക്കുന്നത് നന്മ കൊണ്ടാണ് എന്നതും എല്ലാ വിശ്വാസികൾക്കുമൊപ്പം നാം മാനവകുലത്തിന്റെ നന്മക്കായി അക്ഷീണം പ്രയത്നിക്കുന്നു എന്നതുമാണ് നമ്മുടെ വ്യത്യാസം.

കുടുംബരൂപീകരണം, മതബോധനം എന്നീ മേഖലകളിൽ നിങ്ങളുടെ സഭ പുലർത്തുന്ന പ്രതിബദ്ധതയ്ക്കു നന്ദിപറയാൻ ഞാൻ ആഗ്രഹിക്കുന്നതോടൊപ്പം യുവജനങ്ങളെയും ദൈവവിളികളെയും ലക്ഷ്യമാക്കിയുള്ള നിങ്ങളുടെ അജപാലനപ്രവർത്തനങ്ങളെ ഞാൻ പിന്തുണക്കുന്നു. പ്രാർഥനയിൽ ഞാൻ നിങ്ങളോടൊപ്പമുണ്ട്; എന്റെ ഹൃദയത്തിൽ എല്ലാദിവസവും നിങ്ങളെ സംവഹിക്കുകയും ചെയ്യുന്നു. എന്റെ ഈ പ്രോത്സാഹനം നിങ്ങളുടെ സഹോദരീസഹോദരന്മാരിലേക്കും എത്തിക്കുക.

നമ്മെ സ്നേഹിക്കുകയും നമ്മെ ഒന്നാക്കുകയുംചെയ്യുന്ന, അൾത്താരയ്ക്കുചുറ്റും നാം ഒരു കുടുംബമായി ഐക്യത്തിൽ ആകണമെന്ന് ആഗ്രഹിക്കുന്ന, ക്രൂശിതനും ഉത്ഥാനംചെയ്തവനുമായ ഈശോയിലേക്കു നമുക്ക് ഒരുമിച്ചു നോക്കാം. തോമ്മാശ്ലീഹായെപ്പോലെ നമുക്ക് അവിടത്തെ മുറിവുകളിലേക്കു നോക്കാം. വിശക്കുന്നവന്റെയും ദാഹിക്കുന്നവന്റെയും പരിത്യക്തന്റെയും തടവറയിലും ആശുപത്രികളിലും തെരുവോരങ്ങളിലും കഴിയുന്നവരുടെയും ശരീരങ്ങളിൽ ഇന്നു നാം അതു കാണുന്നു. ഈ സഹോദരീസഹോദരന്മാരെ നാം ആർദ്രതയോടെ സ്പർശിക്കുമ്പോൾ ജീവിക്കുന്ന ദൈവത്തെ നമുക്കിടയിലേക്ക് നാം സ്വാഗതം ചെയ്യുകയാണ്. അപ്പസ്തോലന്മാരെ സ്തബ്ധരാക്കുകയും പ്രത്യാശയില്ലാത്ത കുറ്റബോധത്തിലേക്ക് എറിയപ്പെടാൻ കാരണവുമായിരുന്ന ഈശോയുടെ മുറിവുകളിലേക്കു തോമ്മാശ്ലീഹായെപ്പോലെ നമുക്കു നോക്കുകയും ആ മുറിവുകളിൽനിന്നാണ് കർത്താവ് ക്ഷമ

യുടെയും കരുണയുടെയും നീർച്ചാലുകൾ പ്രവഹിപ്പിച്ചത് എന്നതു മനസിലാക്കുകയും ചെയ്യാം. ഒരു വലിയ ഹൃദയം; എല്ലായ്പ്പോഴും ഒരു വലിയ ഹൃദയം! അവയെക്കുറിച്ച് ധ്യാനിക്കുകയും തന്റെ സംശയങ്ങളും ഭയങ്ങളും അവിടുത്തെ മഹത്ത്വത്തിനുമുന്നിൽ അപ്രത്യക്ഷമായത് കാണുകയും ചെയ്തപ്പോൾ തോമ്മാശ്ലീഹായ്ക്ക് എത്ര വലിയ വിസ്മയമായിരിക്കും ഉണ്ടായത്! പ്രത്യാശ ജനിപ്പിക്കുന്ന വിസ്മയമാണത്; പുറത്തേക്കിറങ്ങാൻ, പുതിയ അതിർത്തികൾ മറികടക്കാൻ, അങ്ങനെ വിശ്വാസത്തിൽ നിങ്ങളുടെ പിതാവാകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച വിസ്മയം! എല്ലാ തടസ്സങ്ങളെയും മറികടക്കാൻ നമ്മെ പ്രാപ്തരാക്കുന്ന വിശ്വാസത്തിന്റെ ഈ വിസ്മയം നമുക്കും വളർത്തിയെടുക്കാം.

പത്രോസിന്റെയും പൗലോസിന്റെയും നഗരമായ റോമിലെ മാർത്തോമ്മായുടെ മക്കളായ, റോമിലെ പ്രിയ സീറോമലബാർ വിശ്വാസികളേ, നിങ്ങൾക്ക് ഒരു പ്രത്യേക ദൗത്യം നിറവേറ്റാനുണ്ട്. ഉപവിയുടെ സാർവത്രികകൂട്ടായ്മയിൽ അധ്യക്ഷ്യം വഹിക്കുന്ന (cf. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസിന്റെ റോമാക്കാർക്കുള്ള കത്ത്) ഈ സഭയിൽനിന്നു കേരളത്തിൽ മാത്രമല്ല ഭാരതത്തിലും ലോകം മുഴുവനിലും നിങ്ങളുടെ സഭയിലെ ഐക്യത്തിനുവേണ്ടി പ്രാർഥിക്കാനും പ്രത്യേക വിധത്തിൽ സഹകരിക്കുവാനുംവേണ്ടി നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവവിളികളുടെ നിധിശേഖരമാണ് കേരളം! അത് അങ്ങനെ തുടരാൻ നമുക്കു പ്രാർഥിക്കാം.

ആദരണീയ മേജർ ആർച്ചുബിഷപ്, അങ്ങയുടെ സഹോദരനിർവിശേഷമായ സന്ദർശനത്തിനു നന്ദി. അതിൽ എനിക്ക് ഏറെ ആനന്ദമുണ്ട്. പ്രിയ സഹോദരീസഹോദരന്മാരേ, ഹൃദയത്തിന്റെ അഗാധതയിൽനിന്നു ഞാൻ നിങ്ങളെ ആശീർവദിക്കുകയും പരിശുദ്ധ കന്യകാമറിയത്തിനും മാർത്തോമ്മാശ്ലീഹായ്ക്കും നിങ്ങളുടെ വിശുദ്ധർക്കും രക്തസാക്ഷികൾക്കും ഞാൻ നിങ്ങളെ ഭരമേൽപ്പിക്കുകയും ചെയ്യുന്നതോടൊപ്പം എനിക്കുവേണ്ടി പ്രാർഥിക്കാൻ മറക്കരുതേ എന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. എല്ലാവർക്കും നന്ദി, ഒത്തിരി നന്ദി.

*(കൺസിസ്റ്ററി ഹാൾ, 2024 മെയ് 13 , തിങ്കൾ)*

# *SPES NON CONFUNDIT*

## Bull of Indiction of the Ordinary Jubilee of the Year 2025

Francis Bishop of Rome Servant of the Servants of God
To all who read this Letter may Hope fill your hearts

**1.** *SPES NON CONFUNDIT*. "Hope does not disappoint" (*Rom* 5:5). In the spirit of hope, the Apostle Paul addressed these words of encouragement to the Christian community of Rome. Hope is also the central message of the coming Jubilee that, in accordance with an ancient tradition, the Pope proclaims every twenty-five years. My thoughts turn to all those *pilgrims of hope* who will travel to Rome in order to experience the Holy Year and to all those others who, though unable to visit the City of the Apostles Peter and Paul, will celebrate it in their local Churches. For everyone, may the Jubilee be a moment of genuine, personal encounter with the Lord Jesus, the "door" (cf. *Jn* 10:7.9) of our salvation, whom the Church is charged to proclaim always, everywhere and to all as "our hope" (*1 Tim* 1:1).

Everyone knows what it is to hope. In the heart of each person, hope dwells as the desire and expectation of good things to come, despite our not knowing what the future may bring. Even so, uncertainty about the future may at times give rise to conflicting feelings, ranging from confident trust to apprehensiveness, from serenity to anxiety, from firm conviction to hesitation and doubt. Often we come across people who are discouraged, pessimistic and cynical about the future, as if nothing could possibly bring them happiness. For all of us, may the Jubilee be an opportunity to be renewed in hope. God's word helps us find reasons for that hope. Taking it as our guide, let us return to the message that the Apostle Paul wished to communicate to the Christians of Rome.

### *A Word of Hope*

**2.** "Since we are justified through faith, we have peace with God through our Lord Jesus Christ, through whom we have obtained access to this grace in which we stand; and we boast in our hope of sharing in the glory of God… Hope does not disappoint, because God's love has been poured

into our hearts through the Holy Spirit that has been given to us" (*Rom* 5:1-2.5). In this passage, Saint Paul gives us much to reflect upon. We know that the Letter to the Romans marked a decisive turning point in his work of evangelization. Until then, he had carried out his activity in the eastern part of the Empire, but now he turns to Rome and all that Rome meant in the eyes of the world. Before him lay a great challenge, which he took up for the sake of preaching the Gospel, which knows no barriers or confines. The Church of Rome was not founded by Paul, yet he felt impelled to hasten there in order to bring to everyone the Gospel of Jesus Christ, crucified and risen from the dead, a message of hope that fulfils the ancient promises, leads to glory and, grounded in love, does not disappoint.

**3.** Hope is born of love and based on the love springing from the pierced heart of Jesus upon the cross: "For if while we were enemies, we were reconciled to God through the death of his Son, much more surely, having been reconciled, will we be saved by his life" (*Rom* 5:19). That life becomes manifest in our own life of faith, which begins with Baptism, develops in openness to God's grace and is enlivened by a hope constantly renewed and confirmed by the working of the Holy Spirit.

By his perennial presence in the life of the pilgrim Church, the Holy Spirit illumines all believers with the light of hope. He keeps that light burning, like an ever-burning lamp, to sustain and invigorate our lives. Christian hope does not deceive or disappoint because it is grounded in the certainty that nothing and no one may ever separate us from God's love: "Who will separate us from the love of Christ? Hardship, or distress, or persecution, or famine, or nakedness, or peril or the sword? No, in all these things we are more than conquerors through him who loved us. For I am convinced that neither death, nor life, nor angels, nor rulers, nor things present, nor things to come, nor powers, nor height, nor depth, nor anything else in all creation, will be able to separate us from the love of God in Christ Jesus our Lord" (*Rom* 8:35.37-39). Here we see the reason why this hope perseveres in the midst of trials: founded on faith and nurtured by charity, it enables us to press forward in life. As Saint Augustine observes: "Whatever our state of life, we cannot live without these three dispositions of the soul, namely, to believe, to hope and to love."[1]

**4.** Saint Paul is a realist. He knows that life has its joys and sorrows, that love is tested amid trials, and that hope can falter in the face of suffering. Even so, he can write: "We boast in our sufferings, knowing that suffering produces endurance, and endurance produces character, and character produces hope" (*Rom* 5:3-4). For the Apostle, trials and tribulations mark the lives of those who preach the Gospel amid incomprehension and persecution (cf. *2 Cor* 6:3-10). Yet in those very contexts, beyond the darkness we glimpse a light: we come to realize that evangelization is sustained by the power flowing from Christ's cross and resurrection. In this way, we learn to practise a virtue closely linked to hope, namely *patience*. In our fast-paced world, we are used to wanting everything now. We no longer have time simply to be with others; even families find it hard to get together and enjoy one another's company. Patience has been put to flight by frenetic haste, and this has proved detrimental, since it leads to impatience, anxiety and even gratuitous violence, resulting in more unhappiness and self-centredness.

Nor is there much place for patience in this age of the Internet, as space and time yield to an ever-present "now". Were we still able to contemplate creation with a sense of awe, we might better understand the importance of patience. We could appreciate the changes of the seasons and their harvests, observe the life of animals and their cycles of growth, and enjoy the clarity of vision of Saint Francis. In his *Canticle of the Creatures*, written exactly eight hundred years ago, Francis saw all creation as a great family and could call the sun his "brother" and the moon his "sister."[2] A renewed appreciation of the value of patience could only prove beneficial for ourselves and for others. Saint Paul often speaks of patience in the context of our need for perseverance and confident trust in God's promises. Yet, before all else, he testifies to God's own patience, as "the God of all patience and encouragement" (Rom 15:5). Patience, one of the fruits of the Holy Spirit, sustains our hope and strengthens it as a virtue and a way of life. May we learn to pray frequently for the grace of patience, which is both the daughter of hope and at the same time its firm foundation.

### *A Journey of Hope*

For the last Extraordinary Jubilee, I commissioned *Missionaries of Mercy*, and these continue to carry out an important mission. During the coming Jubilee, may they exercise their ministry by reviving hope and offering forgiveness whenever a sinner comes to them with an open heart and a penitent spirit. May they remain a source of reconciliation and an encouragement to look to the future with heartfelt hope inspired by the Father's mercy. I encourage bishops to take advantage of their precious ministry, especially by sending them wherever hope is sorely tested: to prisons, hospitals, and places where people's dignity is violated, poverty abounds and social decay is prevalent. In this Jubilee Year, may no one be deprived of the opportunity to receive God's forgiveness and consolation.

**24.** Hope finds its supreme witness in the *Mother of God*. In the Blessed Virgin, we see that hope is not naive optimism but a gift of grace amid the realities of life. Like every mother, whenever Mary looked at her

Son, she thought of his future. Surely she kept pondering in her heart the words spoken to her in the Temple by the elderly Simeon: "This child is destined for the falling and rising of many in Israel, and to be a sign that will be opposed, so that the inner thoughts of many will be revealed – and a sword will pierce your own soul too" (*Lk* 2:34-35). At the foot of the cross, she witnessed the passion and death of Jesus, her innocent son. Overwhelmed with grief, she nonetheless renewed her "fiat", never abandoning her hope and trust in God. In this way, Mary cooperated for our sake in the fulfilment of all that her Son had foretold in announcing that he would have to "undergo great suffering, and be rejected by the elders, the chief priests, and the scribes, and be killed, and after three days rise again" (*Mk* 8:31). In the travail of that sorrow, offered in love, Mary became our Mother, the Mother of Hope. It is not by chance that popular piety continues to invoke the Blessed Virgin as *Stella Maris*, a title that bespeaks the sure hope that, amid the tempests of this life, the Mother of God comes to our aid, sustains us and encourages us to persevere in hope and trust.

In this regard, I would note that the Shrine of Our Lady of Guadalupe in Mexico City is preparing to celebrate, in 2031, the fifth centenary of Our Lady's first apparition. Through Juan Diego, the Mother of God brought a revolutionary message of hope that she continues to bring to every pilgrim and all the faithful: "Am I not here, who am your Mother?"[20] That message continues to touch hearts in the many Marian shrines throughout the world, where countless pilgrims commend to the holy Mother of God their cares, their sorrows and their hopes. During the Jubilee Year, may these shrines be sacred places of welcome and privileged spaces for the rebirth of hope. I encourage all pilgrims to Rome to spend time in prayer in the Marian shrines of the City, in order to venerate the Blessed Mother and to implore her protection. I am confident that everyone, especially the suffering and those most in need, will come to know the closeness of Mary, the most affectionate of mothers, who never abandons her children and who, for the holy people of God, is "a sign of certain hope and comfort."[21]

**25.** In our journey towards the Jubilee, let us return to Scripture and realize that it speaks to us in these words: "May we who have taken refuge in him be strongly encouraged to seize the hope set before us. We have this hope, a sure and steadfast anchor of the soul, a hope that enters

the inner shrine behind the curtain, where Jesus, a forerunner on our behalf, has entered" (*Heb* 6:18-20). Those words are a forceful encouragement for us never to lose the hope we have been given, to hold fast to that hope and to find in God our refuge and our strength.

The image of the anchor is eloquent; it helps us to recognize the stability and security that is ours amid the troubled waters of this life, provided we entrust ourselves to the Lord Jesus. The storms that buffet us will never prevail, for we are firmly anchored in the hope born of grace, which enables us to live in Christ and to overcome sin, fear and death. This hope, which transcends life's fleeting pleasures and the achievement of our immediate goals, makes us rise above our trials and difficulties, and inspires us to keep pressing forward, never losing sight of the grandeur of the heavenly goal to which we have been called.

The coming Jubilee will thus be a Holy Year marked by the hope that does not fade, our hope in God. May it help us to recover the confident trust that we require, in the Church and in society, in our interpersonal relationships, in international relations, and in our task of promoting the dignity of all persons and respect for God's gift of creation. May the witness of believers be for our world a leaven of authentic hope, a harbinger of new heavens and a new earth (cf. *2 Pet* 3:13), where men and women will dwell in justice and harmony, in joyful expectation of the fulfilment of the Lord's promises.

Let us even now be drawn to this hope! Through our witness, may hope spread to all those who anxiously seek it. May the way we live our lives say to them in so many words: "Hope in the Lord! Hold firm, take heart and hope in the Lord!" (Ps 27:14). May the power of hope fill our days, as we await with confidence the coming of the Lord Jesus Christ, to whom be praise and glory, now and forever.

*Given in Rome, at Saint John Lateran, on 9 May, the Solemnity of the Ascension of our Lord Jesus Christ, in the year 2024, the twelfth of my Pontificate.*

***FRANCIS***

കച്ചേരിക്കാര്യം

# അതിരൂപതാദിനം - ജൂൺ 7 വെള്ളിയാഴ്ച

നമ്മുടെ അതിരൂപത ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായതിനാൽ, ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി നമുക്ക് വളരെ പ്രധാനപ്പെട്ടതാണ്. നമ്മൾ **അതിരൂപതാദിനമായി** ആചരിക്കുന്നത് തിരുഹൃദയതിരുനാൾ ദിനമാണ്. അതിരൂപതയിലെ ഇടവകകൾക്കും കുടുംബങ്ങൾക്കും അതിരൂപതയ്ക്കു മുഴുവനും ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെ പ്രതി അവിടത്തേയ്ക്ക് അതിരൂപത ഒന്നാകെ കൃതജ്ഞത അർപ്പിക്കുന്ന ദിവസം. അതിരൂപതയിലെ മുഴുവൻ ദൈവജനത്തിനും, ഇടവകകൾക്കും, കുടുംബങ്ങൾക്കും, വൈദികർക്കും, സന്ന്യസ്തർക്കും, പിതാക്കന്മാർക്കും വേണ്ടി പ്രാർത്ഥിക്കേണ്ട ദിവസം. ഈശോയുടെ തിരുഹൃദയത്തിനു ചേർന്ന ഒരു സഭാസമൂഹമായി വിശ്വാസത്തിലും സ്നേഹത്തിലും ഐക്യത്തിലും ശുശ്രൂഷയിലും കൂടുതൽ പ്രോജ്ജ്വലിക്കുന്ന സാക്ഷ്യമായി നമ്മുടെ അതിരൂപത അനുദിനം വളരുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

അന്നേദിവസം നമ്മുടെ പള്ളികളിൽ തിരുഹൃദയസ്തുതിക്കായി വിശുദ്ധ കുർബാന അർപ്പിച്ച് അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് ആരാധനയും തിരുഹൃദയപ്രതിഷ്ഠയും നടത്തുന്നതിനും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം നമ്മുടെ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും അംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി തിരുഹൃദയപ്രതിഷ്ഠ നടത്തേണ്ടതാണ്.

അന്നേ ദിവസം എറണാകുളം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ രാവിലെ 9.00 മണി മുതൽ വൈകിട്ട് 3.00 മണി വരെ ആരാധന ഉണ്ടായിരിക്കുന്നതാണ്.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോസിഞ്ചെല്ലൂസ്**

## നാമഹേതുകത്തിരുനാൾ

ജൂൺ 13-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന് അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോസിഞ്ചെല്ലൂസ്**

## വൈദികരുടെ വാർഷിക ധ്യാനം

### നിവേദിത, ചുണങ്ങംവേലി

ബാച്ച് 1 : ജൂൺ 02 – 07 റവ. ഫാ. സിബി പുളിക്കൽ
ബാച്ച് 2 : ജൂൺ 09 – 14 റവ. ഫാ. സിബി പുളിക്കൽ
ബാച്ച് 3 : ജൂൺ 16 – 21 റവ. ഫാ. സണ്ണി കുന്നപ്പിള്ളി SJ
ബാച്ച് 4 : ജൂൺ 23 – 28 റവ. ഫാ. സണ്ണി കുന്നപ്പിള്ളി SJ

## കച്ചേരി അവധി

ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം നടക്കുന്ന **ജൂൺ 03 മുതൽ 28 വരെ**യുള്ള ദിവസങ്ങളിൽ കുർബാന കണക്കു പുസ്തകങ്ങളുടെ പരിശോധന അതിരൂപതാ കച്ചേരിയിൽ നടക്കുന്നതിനാൽ കച്ചേരി അവധിയായിരിക്കും.

**ഈ ദിവസങ്ങളിൽ കച്ചേരിയിലേക്ക് ആളുകളെ പറഞ്ഞയയ്ക്കുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കുമല്ലോ.**

# വാർത്തകളും വിശേഷങ്ങളും

## 2025 ലെ ജൂബിലി പേപ്പൽ ബൂള പുറത്തിറങ്ങി

2025 ലെ ജൂബിലി ആഘോഷങ്ങൾ ഫ്രാൻസിസ് മാർപാപ്പ ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായ പേപ്പൽ ഉത്തരവ് "പ്രത്യാശ നിരാശപ്പെടുത്തില്ല" എന്ന പേരിൽ പുറത്തിറക്കി. 2024 ക്രിസ്മസ് രാത്രിയിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ വിശുദ്ധ കവാടം തുറന്നു കൊണ്ടാണ് ജൂബിലി ആഘോഷങ്ങൾ ഔദ്യോഗികമായി ആരംഭിക്കുന്നത്. 2024 ഡിസംബർ 29-ന് ലോകമെങ്ങുമുള്ള എല്ലാ കത്തോലിക്ക കത്തീഡ്രലുകളിലും ദിവ്യബലി അർപ്പിച്ചുകൊണ്ട് ജൂബിലി വർഷം ആഘോഷമായി ആരംഭിക്കണമെന്നും ഫ്രാൻസിസ് മാർപാപ്പ നിർദേശിച്ചു. ഈ കത്തീഡ്രലുകളിലേക്കെല്ലാം ഈ സന്ദർഭത്തിൽ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കണമെന്ന് എല്ലാ രൂപതകളോടും മാർപാപ്പ നിർദേശിച്ചു. ഇതിനു മുൻപ് രണ്ടായിരാമാണ്ടിൽ മഹാജൂബിലി ആഘോഷങ്ങൾ കത്തോലിക്ക സഭ സംഘടിപ്പിച്ചിരുന്നു. 25 വർഷം കൂടുമ്പോഴാണ് സഭ ജൂബിലികൾ ആഘോഷിക്കുന്നത്.

## ഇടവക വൈദികർ
## സഭയെ മിഷനറി സഭ ആക്കണം - മാർപാപ്പ

ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും സുവിശേഷ പ്രഘോഷണ ദൗത്യത്തിൽ പങ്കുപറ്റുന്നവരായിമാറുന്ന ഒരു മിഷനറി സഭയെ പടുത്തുയർത്താൻ എല്ലാ ഇടവക വൈദികരും ശ്രമിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു. വിശ്വാസികൾ എല്ലാവരും മിഷനറിമാരായി പുറപ്പെടുകയും സ്വന്തം സാക്ഷ്യത്തിലൂടെ തങ്ങളുടെ ദൗത്യം നിർവഹിച്ചതിന്റെ സന്തോഷവുമായി മടങ്ങിയെത്തുകയും ചെയ്യുന്ന ഇടമായി ഇടവക സമൂഹങ്ങൾ മാറണം - പാപ്പ പറഞ്ഞു.

വത്തിക്കാനിൽ നടന്ന വൈദിക സമ്മേളനത്തിന്റെ പശ്ചാത്തലത്തിൽ വൈദികസമൂഹത്തിനായി പുറപ്പെടുവിച്ച കത്തിലാണ് മാർപാപ്പയുടെ ഈ ആഹ്വാനം. സിനഡാലിറ്റിയെ കുറിച്ചുള്ള സിനഡിന്റെ ഭാഗമായി ലോകമെങ്ങുമുള്ള ഇടവകവൈദികരുടെ പ്രതിനിധികളായ 300 പേരാ

ണ് സമ്മേളനത്തിൽ പങ്കെടുത്തത്. എല്ലാത്തരത്തിലുമുള്ള മണ്ണിൽ സുവിശേഷത്തിന്റെ വിത്തുകൾ അനുദിനം വിതച്ചു കൊണ്ടിരിക്കുന്ന വൈദികരുടെ മഹത്തായ ജോലിയോടുള്ള തന്റെ മതിപ്പും കൃതജ്ഞതയും മാർപാപ്പ പ്രഖ്യാപിച്ചു. ഇടവക വൈദികരുടെ സമർപ്പണവും അജപാലന സേവനവും ഇല്ലാതെ സഭയ്ക്ക് മുന്നോട്ടുപോകാൻ ആകില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

## ബിഷപ് ബോസ്കോ പുത്തൂർ മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി

2024 മെയ് മാസത്തിൽ റോം സന്ദർശിച്ച ബിഷപ് ബോസ്കോ പുത്തൂർ, മാർപ്പാപ്പയുമായി കൂടിക്കാഴ്ച നടത്തി. 2024 മെയ് 16-ാം തീയതിയായിരുന്നു കൂടിക്കാഴ്ച. സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെയും അതിന്റെ ആസ്ഥാന അതിരൂപതയായി എറണാകുളം വികാരിയാത്ത് ഉയർത്തപ്പെട്ടതിന്റെയും ശതാബ്ദി സ്മരണിക ബോസ്കോ പിതാവ് മാർപാപ്പയ്ക്കു നൽകി.

മെയ് 15-ാം തീയതി സീറോമലബാർ പെർമനന്റ് സിനഡ് അംഗങ്ങളോടൊപ്പം, കർദിനാൾ പിയത്രോ പരോളിൻ, കർദിനാൾ ക്ലൗഡിയോ ഗുജ്റോത്തി, ആർച്ചുബിഷപ് സിറിൽ വാസിൽ എസ്.ജെ., പൗരസ്ത്യ കാര്യാലയ പ്രതിനിധികൾ എന്നിവരുമായും കൂടിക്കാഴ്ച്ചയും ഉണ്ടായിരുന്നു.

## ബിഷപ്പ് ആൻറണി വാലുങ്കൽ വരാപ്പുഴ അതിരൂപതയുടെ പുതിയ സഹായ മെത്രാൻ

വരാപ്പുഴ അതിരൂപതയുടെ പുതിയ സഹായമെത്രാനായി ഫാ. ആന്റണി വാലുങ്കലിനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. വല്ലാർപാടം തീർത്ഥാടന കേന്ദ്രത്തിന്റെ റെക്ടറും വികാരിയുമായി സേവനം ചെയ്തു വരികയാണ് ഇപ്പോൾ അദ്ദേഹം. വല്ലാർപാടം ബസിലിക്കയിൽ ജൂൺ 30-ന് ആയിരിക്കും അദ്ദേഹത്തിന്റെ മെത്രാഭിഷേകം. 55 വയസ്സുകാരനായ അദ്ദേഹം എരൂരിൽ ആണ് ജനിച്ചത്. ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ആധ്യാത്മിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്.

# Congregation of Saint Therese of Lisieux (C.S.T. Brothers)

## Sacred Heart Province, Thrikkakara

| | | |
|---|---|---|
| Provincial Superior | : | Bro. Savio Arackal CST |
| Vice-Provincial | : | Bro. Antony Arampulickal CST |
| Councillors | : | Bro. Mathew Marangattu CST |
| | : | Bro. Santosh Aindla CST |
| | : | Bro. George Kumminithottam CST |
| Finance Officer | : | Bro. George Perumattikunnel CST |

**പുതുതായി തെരഞ്ഞെടുക്കപ്പെട്ട സാരഥികൾക്ക്**
**അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു!**



# നിര്യാതരായി



**സി. ഫെലീഷ്യ CHF**
ജീവോദയ പ്രൊവിൻഷ്യൽ ഹൗസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 25-12-1933 |
| വ്രതവാഗ്ദാനം | : | 15-05-1961 |
| മരണം | : | 29-05-2024 |



**സി. ഫ്രാങ്കോ FCC**
എസ്.എച്ച്. പ്രോവിൻസ്, എറണാകുളം

| | | |
|---|---|---|
| ജനനം | : | 09-08-1942 |
| വ്രതവാഗ്ദാനം | : | 07-05-1964 |
| മരണം | : | 18-05-2024 |



**സി. പെട്രീഷ്യ FCC**
എസ്.എച്ച്. പ്രോവിൻസ്, എറണാകുളം

| | | |
|---|---|---|
| ജനനം | : | 21-09-1943 |
| വ്രതവാഗ്ദാനം | : | 09-05-1965 |
| മരണം | : | 07-05-2024 |



**സി. ഗ്രെയ്സ് മരിയ മുളവരിക്കൽ SABS**
യാനം, എളവൂർ.

| | | |
|---|---|---|
| ജനനം | : | 13-12-1939 |
| വ്രതവാഗ്ദാനം | : | 08-05-1967 |
| മരണം | : | 01-05-2024 |

# AICO

## (Archdiocesan Institutions' Central Office)

### ബഡ്ജറ്റ് ബോർഡ് മീറ്റിംഗ്

| | |
|---|---|
| മെയ് 13 | സെന്റ് ജോസഫ്സ് ITI, തുറവൂർ, ചേർത്തല |
| മെയ് 14 | സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി |
| മെയ് 15 | നൈപുണ്യ വെൽഫെയർ സർവീസസ്, പൊങ്ങം |

### സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്

| | |
|---|---|
| ഏപ്രിൽ 29 | എൽ.എഫ്. ഹോസ്പിറ്റൽ, അങ്കമാലി |
| ഏപ്രിൽ 30 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| മെയ് 06 | എൽ.എഫ്. ഹോസ്പിറ്റൽ, അങ്കമാലി |
| മെയ് 07 | 1. ഭാരത മാതാ കോളേജ്, തൃക്കാക്കര<br>2. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി<br>3. നിവേദിത, ചുണങ്ങംവേലി |
| മെയ് 09 | സെന്റ് മേരീസ് ചർച്ച്, എളവൂർ |
| മെയ് 13 | ദേവികുളം പ്രോപ്പർട്ടി, മൂന്നാർ |
| മെയ് 16 | എൽ.എഫ്. ഹോസ്പിറ്റൽ, അങ്കമാലി |
| മെയ് 17 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| മെയ് 22 | 1. എൽ.എഫ്. ഹോസ്പിറ്റൽ, അങ്കമാലി<br>2. മാർ ലൂയിസ്, കറുകുറ്റി |
| മെയ് 23 | 1. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി<br>2. നിവേദിത, ചുണങ്ങംവേലി |
| മെയ് 25 | സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# വിശ്വാസപരിശീലനകേന്ദ്രം

## 2024-25 വിശ്വാസപരിശീലനവർഷം
## ആപ്തവാക്യം
## "പ്രാർത്ഥനയിൽ വളരാം"

**1. പ്രവേശനോത്സവം Arise:** കുട്ടികളെ പള്ളിയിലേക്ക് ആകർഷിക്കുവാൻ വിഭാവനം ചെയ്യുന്ന ക്രിയാത്മകമായ പരിപാടിയാണ് പ്രവേശനോത്സവം. പ്രവേശനോത്സവ ദിനത്തിൽ കുട്ടികൾക്ക് പള്ളിയിൽ വരുവാൻ പ്രോത്സാഹനം നൽകുന്നവിധത്തിലുള്ള പരിപാടികൾ ഇടവകതലത്തിൽ ഇടവകയിൽനിന്നുള്ളവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാം.

**2. അധ്യാപകർക്ക് ഓറിയന്റേഷൻ ക്ലാസ്:** 2024-25 വിശ്വാസപരിശീലനവർഷം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി ഓരോ ഇടവകയിലും അധ്യാപകർക്ക് ഓറിയന്റേഷൻ ക്ലാസ് നൽകുന്നത് അഭികാമ്യമായിരിക്കും. ഇടവകയിൽനിന്നോ അടുത്ത ഇടവകയിൽനിന്നോ ഉള്ള ഒരു റിസോഴ്സ് പേഴ്സനെ ഇതിനായി കണ്ടെത്തുന്നത് ഉചിതമായിരിക്കും. Motivation talk നൽകുവാൻ കഴിയുന്നവരെയും സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകരെയും പ്രൊഫഷണൽ ജോലി ചെയ്യുന്നവരെയും പ്രാപ്തരായ മാതാപിതാക്കളെയും ഇതിനായി കണ്ടെത്താവുന്നതാണ്.

**3. സന്മാർഗബോധനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും:** എറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിൽ സന്മാർഗബോധന ക്ലാസ്സുകൾ നടത്തുന്ന സ്ക്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ആനിമേറ്റേഴ്സിന്റെയും യോഗവും സന്മാർഗബോധന വർഷം ഉദ്ഘാടനവും അവാർഡ് ദാനവും ജൂൺ 08 ശനിയാഴ്ച റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. ജൂൺ 08 ശനിയാഴ്ച രാവിലെ 10.00 ന് രജിസ്ട്രേഷനും 10.30 മണി മുതൽ 1.00 മണി വരെ മീറ്റിങ്ങും, ഉച്ചകഴിഞ്ഞ് 2.00 മണിക്ക് സന്മാർഗബോധനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും ഉണ്ടായിരിക്കും. 2023-24 സന്മാർഗബോധനവർഷത്തിൽ നാലു മുതൽ പന്ത്രണ്ടാം

ക്ലാസ്സുവരെ A+ കരസ്ഥമാക്കി സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്കുള്ള സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്.

**4. കാറ്റിക്കിസം & സന്മാർഗബോധന പാഠപുസ്തകങ്ങൾ:** ഫൊറോനാകേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്.

**5. ഓൺഗോയിങ് ട്രെയിനിങ് പ്രോഗ്രാം:** പതിനൊന്നാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന കാറ്റിക്കിസം ടീച്ചേഴ്സിന്റെ ഓൺ ഗോയിങ് ട്രെയിനിങ് പ്രോഗ്രാം അതിരൂപതാതലത്തിൽ ജൂൺ മാസം 17-ാം തീയതി തിങ്കളാഴ്ച നടക്കും.

**6. വിശ്വാസപരിശീലനവർഷം ഉദ്ഘാടനം:** മെയ് 26 ാം തീയതി എറണാകുളം-അങ്കമാലി അതിരൂപതയുടെ 2024-25 വിശ്വാസപരിശീലന വർഷം ഉദ്ഘാടനകർമ്മം ബിഷപ് ബോസ്ക്കോ പുത്തൂർ നിർവ്വഹിച്ചു. അതിരൂപതയിലെ 5000-ത്തോളം വരുന്ന വിശ്വാസപരിശീലകരുടെ പ്രതിനിധികളായ പ്രധാനാധ്യാപകരും, പ്രൊമോട്ടേഴ്സും, സെക്രട്ടറി സിസ്റ്റേഴ്സും, മാതാപിതാക്കളും, സമ്മാനർഹരായകുട്ടികളും പങ്കെടുത്ത സമ്മേളനത്തിൽ, വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യമായ 'പ്രാർത്ഥനയിൽവളരാം' എന്ന വിഷയത്തെ ആസ്പദമാക്കി പിതാവ് സംസാരിച്ചു. അതിരൂപതാവിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കിയ *വചനദീപം* എന്ന ഗ്രന്ഥത്തിന്റെയും 2024-25 വിശ്വാസ പരിശീലനവർഷത്തിന്റെ 'പ്രാർത്ഥനയിൽവളരാം' എന്ന ലോഗോയുടെയും പ്രകാശനകർമ്മം തദവസരത്തിൽ നടത്തി.

25 ഉം, 40 ഉം, 50 ഉം വർഷം വിശ്വാസപരിശീലനരംഗത്തു പ്രവർത്തിച്ച വിശ്വാസപരിശീലകരെയും അദ്ദേഹം സമ്മേളനത്തിൽ ആദരിച്ചു. വിശ്വാസപരിശീലനകേന്ദ്രം സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ വിജയികളായിട്ടുള്ളവർക്കും അതിരൂപതാതല സ്കോളർഷിപ്പുനേടിയ 225 കുട്ടികൾക്കും 12 വർഷം വിശ്വാസപരിശീലന ക്ലാസുകളിൽ മുടങ്ങാതെവന്ന കുട്ടികൾക്കും അദ്ദേഹം ട്രോഫിയും അവാർഡുകളും നൽകി. വികാരി ജനറാൾ മോൺസിഞ്ഞോർ ആന്റണി പെരുമായൻ യോഗത്തിൽ അനുഗ്രഹപ്രഭാഷണം നൽകി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

ഫാമിലി അപ്പോസ്തലേറ്റ്
Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200, E-Mail : jeevalayafamilypark@gmail.com

## 2024 ജൂൺ - ജൂലൈ

### വിവാഹഒരുക്ക ധ്യാനം (MPR)

| | |
|---|---|
| ജൂൺ 03-05 (കലൂർ) | ജൂലൈ 02-04(കാലടി) |
| ജൂൺ 11-13 (കാലടി) | ജൂലൈ 08-10(കലൂർ) |
| ജൂൺ 25-27 (കാലടി) | ജൂലൈ 23-25(കാലടി) |

NB: വിവാഹ ഒരുക്കധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ദമ്പതീധ്യാനം (Contact: 8078334522)

ജൂൺ 06-09 (20 ദമ്പതികൾക്ക് മാത്രം)

### സ്നേഹജ്വാല (ദാമ്പത്യപരിപോഷണ പരിശീലനം)

മെയ് 31 - ജൂൺ 02 - സ്നേഹപുരം

### വിധവാ ധ്യാനം (Contact: 9400929111)

ജൂൺ 21 - 23

### വിധവ സംഗമം

ജൂൺ 16 - ആയത്തുപടി

### പാരന്റിംഗ് സെമിനാർ (മതബോധനം)

ജൂൺ 09 - എളമക്കര

ജൂൺ 23 - എടാട്

ജൂൺ 30 - പീച്ചാനിക്കാട്, മലയാറ്റൂർ

### ദമ്പതി സംഗമം

ജൂൺ 30 - ആയത്തുപടി

**ഫൊറോന കുടുംബപ്രേഷിത ഫോറം യോഗം** (FFAFM)

ജൂൺ 01 - മഞ്ഞപ്ര, തൃപ്പൂണിത്തുറ, എറണാകുളം, വല്ലം
ജൂൺ 02 - ഇടപ്പള്ളി, പറവൂർ, കിഴക്കമ്പലം, മൂക്കന്നൂർ

## യൂദിത്ത് ഫോറം വാർഷികം

അന്താരാഷ്ട്ര വിധവാദിനത്തിന്റെ ഭാഗമായി യൂദിത്ത് ഫോറം കൂട്ടായ്മ വിധവാ കോഫറൻസ് നടത്തുന്നു.

തീയതി : ജൂൺ 22
സമയം : രാവിലെ 9.00 മുതൽ വൈകിട്ട് 4.00 വരെ
സ്ഥലം : രാജഗിരി, ഹയർസെക്കന്ററി സ്ക്കൂൾ, കളമശ്ശേരി
വിഷയം : വൈകാരിക സമന്വയം വൈധവ്യത്തിൽ

വിധവകളുടെ ശാക്തീകരണം ലക്ഷ്യമാക്കി നടത്തുന്ന സമ്മേളനത്തിലേക്ക് ഇടവകകളിൽനിന്ന് വിധവകളായ സഹോദരിമാരെ അയയ്ക്കുമല്ലോ!

## നന്ദിയും സ്വാഗതവും

നാല് വർഷക്കാലം അതിരൂപത കുടുംബപ്രേഷിതകേന്ദ്രത്തിൽ സ്തുത്യർഹമായ സേവനം നൽകിയ സിസ്റ്റർ ആൻമരിയ CHF ന് നന്ദിയും, പുതിയ ശുശ്രൂഷ മേഖലയിൽ എല്ലാവിധ വിജയാശംസകളും നേരുന്നു.

അതിരൂപത കുടുംബപ്രേഷിതകേന്ദ്രത്തിലേക്ക് ശുശ്രൂഷയ്ക്കായി വന്നിരിക്കുന്ന സിസ്റ്റർ അലിൻ മരിയ CHF ന് ഹൃദ്യമായ സ്വാഗതവും വിജയാശംസകളും.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

  Attention Plus Two Students!
  - Great opportunities for plus two students to study MBBS in European countries.
  - CANADA - open for Jan 2025.
  - September intake still open for UK, Ireland and other European destinations.
  - Applications open for AUSTRALIA, GERMANY, NEWZEALAND, UK, IRELAND AND EUROPEAN DESTINATIONS.
  - IELTS offline & online classes (New batches on all Mondays).

- **NICE (Naipunnya International Communicative English)**
  - ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ജൂണിൽ ആരംഭിക്കുന്നു. ഓഫ്ലൈൻ ആയും ഓൺലൈൻ ആയും പഠിക്കാവുന്നതാണ്.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9544919144 , 9072919144**

- **2024 ജൂൺ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ചുകൾ (B1, B2) ജൂൺ 3-ന് ആരംഭിക്കുന്നു.
2. ജർമൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ചുകൾ (A1 & A2) ജൂൺ 3-ന് ആരംഭിക്കുന്നു.
3. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA

ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2024-2025). ക്ലാസ്സുകൾ ജൂൺ പകുതിയോടെ ആരംഭിക്കും.

4. KAS ഓഫ്‌ലൈൻ & ഓൺലൈൻ ക്ലാസുകൾ തുടരുന്നു (2023-2024).
5. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **PROGRAMS: June 2024**

1. UGC NET /JRF PAPER I& PAPER II -Offline(Batch for 2024 DECEMBER exam)
2. BANK(IBPS,PO,CLERK,SO) -offline (new admission all Mondays)
3. SSC (CGL, CHSL, MTS) - -offline (new admission all Mondays)
4. C MAT, K-MAT- Offline (Admission for next Exams)
5. PSC -offline LDC2024 (new admission all Mondays)
6. IELTS -Regular Offline(All Mondays new batch)
7. PTE (Pearson Test of English) (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചുവരുന്ന Naipunnya International Angamaly Branch ൽ നിന്നും നിരവധി കുട്ടികൾ വിദേശവിദ്യാഭ്യാസം സാധ്യമാക്കിവരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# ഫാമിലി യൂണിറ്റ്സ് & പാരിഷ് റിന്യൂവൽ

## ജൂൺ മാസം

**ബൈബിൾ ഭാഗം : മത്താ. 6:25-33**

**ചർച്ചാ വിഷയം: വീട് വെഞ്ചരിപ്പ് - തിരുഹൃദയ പ്രതിഷ്ഠ**

01. എങ്ങനെയാണ് ഒരു ക്രിസ്ത്യാനി തന്റെ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മത്തിനായി ഒരുങ്ങുന്നത്?

വീട്ടിൽ വെഞ്ചിരിപ്പിന് ഒരുക്കേണ്ട പ്രധാന വസ്തുക്കൾ അലങ്കരിച്ച പീഠത്തിന്മേൽ :

* തിരുഹൃദയ രൂപം
* തിരുക്കുടുംബത്തിന്റെ രൂപം
* ക്രൂശിത രൂപം
* സമ്പൂർണ്ണ ബൈബിൾ
* കത്തിക്കുന്നതിന് മെഴുകുതിരികൾ

02. വീടുവെഞ്ചരിപ്പിനായി ഒരുങ്ങുമ്പോൾ കുടുംബാംഗങ്ങൾ കുമ്പസാരിച്ച് ഒരുങ്ങി വിശുദ്ധ കുർബാന സ്വീകരിക്കണം.

03. വീടുവെഞ്ചിരിപ്പിന് സമയം നിശ്ചയിക്കുമ്പോൾ വൈദികന്റെ സൗകര്യം ചോദിച്ചറിയണം.

04. ഇടവക വികാരിയല്ലാതെ മറ്റ് വൈദികർ വീട് വെഞ്ചരിക്കുകയാണെങ്കിൽ ചെയ്യേണ്ട കാര്യങ്ങൾ?

***വിശുദ്ധരുടെ മൊഴികൾ***

മനുഷ്യരെ ഇത്രയധികം സ്നേഹിക്കുന്ന എന്റെ ഹൃദയം കണ്ടാലും. (വി. മാർഗരറ്റ് മേരി അലക്കോക്ക്)

## ജൂലൈ മാസം

**ബൈബിൾ ഭാഗം : യോഹ. 12:20-26**

**ചർച്ചാ വിഷയം: കുടുംബം വിശുദ്ധിയിൽ**

01. കുടുംബം വിശുദ്ധിയുടെ വിളനിലമാകുന്നതെങ്ങനെ?

02. തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള കുടുംബങ്ങൾ എങ്ങനെ തിരുഹൃദയചൈതന്യത്തിൽ നിലനില്ക്കാം.

03. കുടുംബത്തിൽ മാതാപിതാക്കന്മാരുടെ മാതൃകാപരമായ ജീവിതം മക്കൾക്ക് വിശുദ്ധിയിലേക്കുള്ള പ്രചോദനമാകുന്നു.

**ഈ മാസത്തെ വിശുദ്ധർ :**

വി. തോമാശ്ലീഹാ, 12 ശ്ലീഹന്മാരുടെ തിരുനാൾ, വി. കുര്യാക്കോസ്,
വി. ജൂലിയറ്റ്, കർമ്മലമാതാവ്,
വി. മഗ്ദലേനമറിയം, വി. യാക്കോബ്, വി. യോവാക്കിം, വി. അന്ന,
വി. അൽഫോൻസാമ്മ,
വി. മർത്ത, വി. ഇഗ്നേഷ്യസ് ലയോള.

***വിശുദ്ധരുടെ മൊഴികൾ***

എന്റെ ശരീരം കഷ്ണം കഷ്ണമായി മുറിച്ചിട്ടാലും ഞാൻ പാപം ചെയ്യുകയില്ല. (വി. മരിയഗൊരേത്തി)

## ആഗസ്റ്റ് മാസം

**ബൈബിൾ ഭാഗം : 1 സാമു. 3:1–10**
**ചർച്ചാ വിഷയം: ദൈവവിളി**

01. ഓരോ ക്രൈസ്തവനും ഒരു ദൈവവിളിയുണ്ട്. ഓരോ ക്രൈസ്തവനും ഉള്ള ദൈവവിളി എങ്ങിനെ തിരിച്ചറിയാനും പരിപോഷിപ്പിക്കാനും അതിൽ ജീവിക്കാനും സാധിക്കും.

02. ദൈവവിളിയെ പരിപോഷിപ്പിക്കുന്നതിന് കുടുംബങ്ങളിൽ അനുകൂലമായ അന്തരീക്ഷം എങ്ങിനെ രൂപപ്പെടുത്താം?

03. കുഞ്ഞുങ്ങളുടെ ദൈവവിളിയെ തിരിച്ചറിയുന്നതിനും പരിപോഷിപ്പിക്കുന്നതിനും മാതാപിതാക്കൾ എങ്ങിനെ സഹായിക്കണം?

***വിശുദ്ധരുടെ മൊഴികൾ***

സന്യാസ വിളിയിൽനിന്ന് ഒരാളെ പിന്തിരിപ്പിക്കുന്നത് അയാളുടെ ഹൃദയത്തിലെ ക്രിസ്തുവിനെ വധിക്കുന്നതിൽ കുറഞ്ഞൊന്നുമില്ല (വി. ജറോം).

**ഫാ. ഡെന്നി കാട്ടയിൽ**
**ഡയറക്ടർ**

**ആശാദീപം സ്തനാർബുദ സാധ്യതാ പരിശോധനാ ക്യാമ്പ്**

കൊച്ചി ഡി ലാബ് സുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന ആശാദീപം സ്തനാർബുദ സാധ്യത പരിശോധന ക്യാമ്പും കാൻസറിനെ കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സും ഓൾഡ് കുത്തിയതോട് ഇടവകയിൽ സംഘടിപ്പിച്ചു.

**രക്തദാന ക്യാമ്പ്**

എറണാകുളം ലൂർദ് ആശുപത്രിയുടെ സഹകരണത്തോടെ വൈക്കം സെന്റ് ജോസഫ് ഫൊറോന പള്ളിയിൽ സഹൃദയ, രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ബ്ലഡ് ബാങ്കിന്റെ സഹകരണത്തോടെ ചെങ്ങമനാട് ഇടവകയിലും രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.

**ആനിമേറ്റേഴ്സ് മീറ്റിംഗ്**

ചേർത്തല, പറവൂർ, അങ്കമാലി, എറണാകുളം, കാലടി മേഖലാതലത്തിൽ സഹൃദയ സ്വയംസഹായ സംഘം ആനിമേറ്റർമാരുടെ മീറ്റിങ്ങ് സംഘടിപ്പിച്ചു.

**ക്രെഡിറ്റ് ക്യാമ്പും തൊഴിൽ വായ്പയും**

സ്വയം തൊഴിലുകളുടെ വിപുലീകരണത്തിനായി ഉല്ലല ശ്രീശക്തി, സൂര്യ, സ്നേഹ എന്നീ സ്വയം സഹായ സംഘത്തിലെ 16 അംഗങ്ങൾക്കായി 9,70,000/- രൂപയും പറവൂർ അനുഗ്രഹ, ദീപ്തി എന്നീ സംഘങ്ങളിലെ 11 അംഗങ്ങൾക്കായി 7,70,000/- രൂപയും മുക്കന്നൂർ അനുഗ്രഹ സ്വയം സഹായസംഘത്തിലെ 8 അംഗങ്ങൾക്കായി 2,40000/രൂപയും ഏഴിക്കര അനുഗ്രഹ സംഘത്തിലെ 2 അംഗങ്ങൾക്കായി 1,40,000/- രൂപയും കിഴക്കമ്പലം പ്രതീക്ഷ സ്വയം സഹായസംഘത്തിലെ 8 അംഗങ്ങൾക്കായി 5,60,000/- രൂപയും യോർദനാപുരം ഉഷസ്, ഭാവന സ്വയം സഹായ സംഘങ്ങളിലെ 16 അംഗങ്ങൾക്കായി 8, 40,000/- രൂപയും വായ്പ അനുവദിച്ചു

**ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കും സഹകരിച്ച് നടപ്പിലാക്കുന്ന ജെ.എൽ.ജി. (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്), ചെങ്ങമനാട്, നടുവട്ടം, ഉല്ലല, തോട്ടുവ, മൂഴിക്കുളം, കൂടാലപ്പാട്,

വിമലഗിരി, സൗത്ത് വെള്ളാരപ്പിള്ളി, ഞാറല്ലൂർ, മൂക്കന്നൂർ, ചുള്ളി, പെരിയാർമുഖം, കറുകുറ്റി ആശ്രമം പള്ളി, പുത്തൻപള്ളി, അമ്പുനാട്, ഇല്ലിത്തോട്, കോക്കുന്ന്, സൗത്ത് വാഴക്കുളം, കുമ്പളം, കിഴക്കമ്പലം, ചെറായി, എടവനക്കാട്, നടുവട്ടം, തോട്ടുവ, താബോർ, നോർത്ത് ചമ്പന്നൂർ, മഞ്ഞപ്ര, കാലടി, സെബിയൂർ, മാർട്ടിൻനഗർ, അമ്പുനാട്, നോർത്ത് കുത്തിയതോട്, ജോസ്പുരം, ചേരാനെല്ലൂർ, ചേന്ദമംഗലം, കവരപ്പറമ്പ്, കാടുകുറ്റി, ദേവഗിരി, കെടാമംഗലം, പനങ്ങാട്, കൊതവറ എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

### വിമൻ എംപവർമെന്റ് ക്ലാസ്സ്

കോൺഫെറൻസാ എപിസ്കോപ്പൽ ഇറ്റാലിയാനയുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന വിമൻ എംപവർമെന്റ് പദ്ധതിയുടെ ഭാഗമായി സ്ത്രീ ശാക്തീകരണവും, ബിസിനസ് ഡെവലപ്പ്മെന്റും എന്ന വിഷയത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് കളമശേരി യൂണിവേഴ്സിറ്റി, തുതിയൂർ, കാർഡിനൽനഗർ, കുറ്റിപ്പുഴ ഇടവകകളിൽ നടത്തി.

### സൗജന്യ മെഡിക്കൽ ക്യാമ്പ് മരുന്നുവിതരണം

ഇടപ്പള്ളി എം.എ.ജെ. ആശുപത്രിയുടെ സഹകരണത്തോടെ സഹൃദയ കളമശേരി യൂണിവേഴ്സിറ്റി ഇടവകയിൽ സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും സംഘടിപ്പിച്ചു.

### സംഘം വാർഷികം

കൊച്ചിൻ യൂണിവേഴ്സിറ്റി, കുറ്റിപ്പുഴ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ വാർഷികാഘോഷങ്ങൾ സംഘടിപ്പിച്ചു.

### ആയുർവേദ മെഡിക്കൽ ക്യാമ്പ്

സഹൃദയ, നൈവേദ്യ ആയുർവേദ ആശുപത്രിയുടെ സഹകരണത്തോടെ കോന്തുരുത്തി, കടവന്ത്ര ഇടവകകളിൽ സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും സംഘടിപ്പിച്ചു.

### പാലിയേറ്റീവ് കെയർ ആൻഡ് സപ്പോർട്ട് സർവീസസ് സർട്ടിഫിക്കറ്റ് വിതരണം

നബാർഡിന്റെ ആഭിമുഖ്യത്തിൽ ബ്ലെസ് ഹോമിന്റെ സഹകരണത്തോടെ വനിതകൾക്കായി സഹൃദയ സംഘടിപ്പിച്ച പാലിയേറ്റീവ് കെയർ ആൻഡ് സപ്പോർട്ട് സർവീസസ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടത്തി.

**ജെ. എൽ. ജി. കൾക്ക് വായ്പ**

സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന ജെ എൽ ജി കൾക്ക് (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക്) 2024 മെയ് മാസത്തിൽ സ്വയംതൊഴിൽ വിപുലീകരണത്തിനായി 1,88,80,000/- രൂപ ലോൺ നൽകി. 82 സംഘങ്ങളിലെ 388 അംഗങ്ങൾക്കാണ് ഈ തുക നൽകിയത്.

**ഹരിത കർമസേന പരിശീലനം**

കുടുംബശ്രീ എറണാകുളം ജില്ലാ മിഷന്റെ നിയോഗ പ്രകാരം സഹൃദയ ടെക്കിന്റെ നേതൃത്വത്തിൽ ചെങ്ങമനാട്, ശ്രീമൂലനഗരം, നെടുമ്പാശേരി, കുന്നുകര, പുത്തൻവേലിക്കര, വടക്കേക്കര, നെല്ലിക്കുഴി, പോത്താനിക്കാട്, പിണ്ടിമന, കോട്ടപ്പടി, നേര്യമംഗലം, പഞ്ചായത്തുകളിലെ ഹരിത കർമേ സേനാംഗങ്ങൾക്ക് ത്രിദിന ശേഷി വികസന പരിശീലനം നൽകി. ഇടുക്കി ജില്ലയിലെ പെരുവന്താനം, കുമളി, കൊക്കയാർ പഞ്ചായത്തുകളിലെ ഹരിതകർമ്മ സേനാംഗങ്ങൾക്കും ത്രിദിന പരിശീലനം നൽകി.

**സഹൃദയ ഫെസ്റ്റ്**

കുമ്പളം, കളമശേരി, സൗത്ത് വാഴക്കുളം ഇടവകകളിൽ സഹൃദയ ഫെസ്റ്റ് സംഘടിപ്പിച്ചു. മായം കലരാത്ത ഭക്ഷ്യവസ്തുക്കൾ, മസാല പ്പൊടികൾ, ചെറുധാന്യങ്ങൾ, ഗുണമേന്മയുള്ള വിത്തുകൾ, ചെടികൾ, ശുചീകരണ വസ്തുക്കൾ, ബയോഗ്യാസ്, സോളാർ പ്ലാന്റുകൾ, ബയോബിൻ, സഹൃദയ സിൽക്ക് സാരികൾ എന്നിവ ജനങ്ങൾക്കിടയിലേക്ക് മിതമായ നിരക്കിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇടവകകളിൽ സഹൃദയയുടെ നേതൃത്വത്തിൽ ഫെസ്റ്റുകൾ ഒരുക്കുന്നത്.

**സ്വാഭാവിക ജൈവകൃഷിയും കന്നുകാലി പരിപാലനവും - ക്ലാസ്**

മണ്ണുത്തി കൃഷി വിജ്ഞാൻ കേന്ദ്രയുമായി സഹകരിച്ച് സ്വാഭാവിക ജൈവകൃഷിയിലും കന്നുകാലി പരിപാലനത്തിലും ഉള്ള രണ്ട് ദിവസത്തെ പരിശീലന ക്ലാസ്സ് കൊരട്ടി ഫൊറോനാ പാരിഷ് ഹാളിൽ സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# ARCHDIOCESAN CORPORATE EDUCATIONAL AGENCY

Renewal Centre, Azad Road, Kaloor, Kochi 682 017.
www.ernakulameducationcouncil.com, Mob: 7907106119,
E-mail: ernakulameducation@gmail.com

## അദ്ധ്യാപകരുടെ ഒഴിവുകൾ - ഇന്റർവ്യൂ

അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ഒഴിവുള്ള തസ്തികകളിലേയ്ക്കു നിയമനങ്ങൾക്കായി 200-ലധികം ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ നടത്തി സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി.

## മികച്ച നേട്ടം

ഈ വർഷത്തെ SSLC, HSS പരീക്ഷകളിൽ എറണാകുളം-അങ്കമാലി അതിരൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ ഉന്നത വിജയം നേടാൻ കഴിഞ്ഞു. 13 ഹൈസ്കൂളുകളിൽ 12 സ്കൂളുകളും 100% വിജയം കരസ്ഥമാക്കി. ഹയർ സെക്കണ്ടറി (പ്ലസ് ടൂ) വിഭാഗത്തിൽ തൃക്കാക്കര കാർഡിനൽ HSS ലെ കുമാരി ഫിദാ റൈഹാൻ 1200-ൽ 1200 മാർക്കും നേടി. അഭിനന്ദനങ്ങൾ!!!

## ശില്പശാല

കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലെയും മുഴുവൻ Non Teaching Staff നെയും സംഘടിപ്പിച്ചുകൊണ്ടുള്ള ശില്പശാല കലൂർ റിന്യൂവൽ സെന്ററിൽ നടത്തി. കോർപ്പറേറ്റ് മാനേജർ ഫാ. തോമസ് നങ്ങേലിമാലിൽ, അസി. മാനേജർ ഡോ. ഫാ. ബെന്നി പാലാട്ടി, ഓഫീസ് സൂപ്രണ്ട് ശ്രീ. ആന്റണി ഡിക്രൂസ്, പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ. ഫ്രാൻസിസ് ഇടത്രക്കരി, റിട്ട. എ.എ. ശ്രീ. ഉണ്ണികൃഷ്ണൻ ജി. എന്നിവർ ക്ലാസുകൾ നയിച്ചു. 68 പേർ പങ്കെടുത്തു.

## പ്രധാനാധ്യാപകരുടെ യോഗം

കോർപ്പറേറ്റ് മാനേജർ ഫാ. തോമസ് നങ്ങേലിമാലിന്റെ നേതൃത്വത്തിൽ പ്രിൻസിപ്പാൾമാരും, പ്രധാനാദ്ധ്യാപകരും, ഏതാനും ടീച്ചേഴ്സും ഒരുമിച്ചുകൂടി പുതിയ അധ്യയന വർഷത്തെ വിവിധ പരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു. അസി. മാനേജർ ഡോ. ഫാ. ബെന്നി പാലാട്ടി, പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ.

ഫ്രാൻസിസ് ഇടത്രക്കരി എന്നിവരും സംസാരിച്ചു. എച്ച്.എം. ഫോറം സെക്രട്ടറിയായി പി.എച്ച്.എസ്.എസ്.-ലെ തിരുമുടിക്കുന്നിലെ പ്രിൻസിപ്പാൾ ശ്രീ. സിജോ റ്റി.എൽ. -നെ തിരഞ്ഞെടുത്തു.

പ്രൈമറി വിഭാഗം പ്രധാനാധ്യാപകരുടെ യോഗം റിന്യൂവൽ സെന്ററിൽ നടത്തി. 56 പേർ പങ്കെടുത്തു. പുതിയ അധ്യയന വർഷത്തെ കൂടുതൽ ദീപ്തമാക്കാനുള്ള കരുത്താർന്ന നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട തോമസച്ചനും, ബെന്നി അച്ചനും, ഡോ. സിസ്റ്റർ. നാൻസി എസ്.എച്ച്. എന്നിവർ പങ്കുവച്ചു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# അതിരൂപതാ ഡയറി

## ബിഷപ്പ് ബോസ്കോ പുത്തൂർ

**ഏപ്രിൽ 2024**

25 ഉച്ചകഴിഞ്ഞ് തൃക്കാക്കര ഗുരുകുലം സെമിനാരിയിൽ അതിരൂപതയ്ക്കുവേണ്ടിയുള്ള വൈദികവിദ്യാർത്ഥികൾക്ക് വൈദിക വസ്ത്രവും കാറോയ, ഹെവ്പദിയാക്ക്ന പട്ടങ്ങളും നൽകി.

27 രാവിലെ കാലടി പ്രേഷിതാരാം ജനറലേറ്റിൽ സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനം, സിൽവർ ജൂബിലി ആഘോഷം എന്നിവയോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയ്ക്ക് കാർമികത്വം വഹിച്ചു.

29 ഉച്ചകഴിഞ്ഞ് മഞ്ഞപ്രയിൽ ബഹുമാനപ്പെട്ട വർഗ്ഗീസ് പുന്നയ്ക്കൽ അച്ചന്റെ സഹോദരന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

**മെയ് 2024**

02 രാവിലെ മൈനർ സെമിനാരിയിൽ പുതിയ ബാച്ചിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ ഇന്റർവ്യൂ നടത്തി.

ഉച്ചയ്ക്ക് എളവൂർ യാനം ആരാധനാമഠത്തിൽ സി. ഗ്രെയ്സ് മരിയ മുളവരിക്കൽ എസ്.എ.ബി.എസ്. ന്റെ മൃതദേഹം പൊതുദർശനത്തിനുവച്ച വേളയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

03 രാവിലെ വാഴക്കാലയിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ സഹോദരീഭർത്താവിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

വൈകുന്നേരം സെബിപുരം പള്ളിയിൽ പോപ്പുലർ മിഷൻ ധ്യാനത്തിന് സമാപനസന്ദേശം നൽകി

തിരുമുടിക്കുന്ന് സെമിനാരിയിൽ, മെൽബൺ രൂപതയിലെ യുവജനപ്രസ്ഥാനത്തിന്റെ ലീഡേഴ്സും മെൽബൺ രൂപതയ്ക്കുവേണ്ടിയുള്ള സെമിനാരിക്കാരുമായി കൂടിക്കാഴ്ച നടത്തി.

കൊരട്ടിയിൽ ബഹുമാനപ്പെട്ട ജോൺസൻ വാഴപ്പിള്ളി സി.എം.ഐ. അച്ചന്റെ വന്ദ്യമാതാവിനുവേണ്ടി ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

04 വൈകുന്നേരം പൊങ്ങം നൈപുണ്യയിൽ All India Inter University Netball Women's Championship 2024 ഉദ്ഘാടനം ചെയ്തു.

05 രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പുമായി കൂടിക്കാഴ്ച നടത്തി.

06 വെളുപ്പിന് 1.00 മണിക്ക് റോമിലേയ്ക്ക് പുറപ്പെട്ടു.

15 Cardinal Secratary of State, Prefect of the Dicastery for the Eastern Churches, Pontifical Delegate, Major Archbishop, Members of the Permanent Synod, Officials of the Dicastery for the Eastern Churches എന്നിവരുമായുള്ള മീറ്റിംഗിൽ പങ്കെടുത്തു.

16 ഫ്രാൻസിസ് മാർപ്പാപ്പയുമായി കൂടിക്കാഴ്ച നടത്തി.

25 രാവിലെ റോമിൽനിന്ന് തിരിച്ചെത്തി.

26 രാവിലെ തൃക്കാക്കര മൈനർ സെമിനാരിയിൽ പുതിയ ബാച്ചിലേക്കുള്ള വിദ്യാർത്ഥികളുടെ ഇന്റർവ്യൂ നടത്തി.

ഉച്ചയ്ക്ക് കലൂർ റിന്യൂവൽ സെന്ററിൽ മതബോധനവർഷം ഉത്ഘാടനവും അവർഡ് ദാനവും നിർവ്വഹിച്ചു.

27 രാവിലെ അങ്കമാലി വിൻസെൻഷ്യൻ പ്രൊവിൻഷ്യൽ ഹൗസിൽ മേരിഗിരി ഇടവകാംഗവും വിൻസൻഷ്യൻ സഭാംഗവുമായ ഡീക്കൻ ജൂഡ് കാഞ്ഞൂക്കാരന് പൗരോഹിത്യപട്ടം നൽകി.

ഉച്ചയ്ക്ക് കലൂർ സെന്റ് പോൾസ് ഹൗസിൽ സൊസൈറ്റി ഓഫ് സെന്റ് പോൾ സഭാംഗമായ ബഹുമാനപ്പെട്ട ജോസഫ് (വിൻസന്റ്) ഞാറക്കാട്ട് അച്ചന്റെ മൃതസംസ്കാരകർമ്മങ്ങളുടെ ആദ്യഭാഗത്തിന് കാർമ്മികത്വം വഹിച്ചു.

* * * * *





**Bishop Bosco Puthur, Apostolic Administrator of the Archeparchy of Ernakulam-Angamaly, in Private Audience with Pope Francis on 16 May 2024**

RNI No. 3421/57
Date of Publication: 01-06-2024

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.

www.ernakulamarchdiocese.org